ഖുത്വ്ബ നമ്പർ

**14**

**05-04-2013**

بسم الله الرحمن الرحيم ○ نحمده ونصلى علىٰ رسوله الكريم ○ وعلىٰ عبده المسيح الموعود

**ജുമുഅ ഖുത്വ്ബ**

**ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്**

**ഖലീഫത്തുൽ മസീഹ് അൽഖാമിസ്** ايده الله تعالىٰ بنصره العزيز

**വിവർത്തനം: എം.നാസിർ അഹ്മദ്, കൊടിയത്തൂർ**

# ഐക്യം അനിവാര്യം. ഭിന്നത അകറ്റുക

وَاعۡتَصِمُوۡا بِحَبۡلِ اللّٰهِ جَمِيۡعًا وَّلَا تَفَرَّقُوۡا ۖ وَاذۡكُرُوۡا نِعۡمَتَ اللّٰهِ عَلَيۡكُمۡ
اِذۡ كُنۡتُمۡ اَعۡدَآءً فَاَلَّفَ بَيۡنَ قُلُوۡبِكُمۡ فَاَصۡبَحۡتُمۡ بِنِعۡمَتِهٖۤ اِخۡوَانًا ۚ وَكُنۡتُمۡ
عَلٰى شَفَا حُفۡرَةٍ مِّنَ النَّارِ فَاَنۡقَذَكُمۡ مِّنۡهَا ؕ كَذٰلِكَ يُبَيِّنُ اللّٰهُ لَكُمۡ اٰيٰتِهٖ
لَعَلَّكُمۡ تَهۡتَدُوۡنَ ﴿۱۰۴﴾ وَلۡتَكُنۡ مِّنۡكُمۡ اُمَّةٌ يَّدۡعُوۡنَ اِلَى الۡخَيۡرِ وَيَاۡمُرُوۡنَ بِالۡمَعۡرُ
وۡفِ وَيَنۡهَوۡنَ عَنِ الۡمُنۡكَرِ ؕ وَاُولٰٓئِكَ هُمُ الۡمُفۡلِحُوۡنَ ﴿۱۰۵﴾ (3:104,105)

اُدۡعُ اِلٰى سَبِيۡلِ رَبِّكَ بِالۡحِكۡمَةِ وَالۡمَوۡعِظَةِ الۡحَسَنَةِ وَجَادِلۡهُمۡ بِالَّتِىۡ
هِىَ اَحۡسَنُ ؕ اِنَّ رَبَّكَ هُوَ اَعۡلَمُ بِمَنۡ ضَلَّ عَنۡ سَبِيۡلِهٖ وَهُوَ اَعۡلَمُ
بِالۡمُهۡتَدِيۡنَ ﴿۱۲۶﴾ (16:126)

ഇവ സൂറ: ആലുഇംറാനിലെയും സൂറത്തുന്നഹ്ലിലെയും ആയത്തുകളാണ്. ആദ്യത്തെ രണ്ടായത്തുകൾ സൂറ ആലു ഇംറാനിലേതാണ്. അതിന്റെ അർത്ഥം ഇപ്രകാരമാണ്.

"നിങ്ങളെല്ലാവരും ഒത്തുചേർന്ന് അല്ലാഹുവിന്റെ പാശത്തെ മുറുകെ പിടിക്കുക. നിങ്ങൾ ഭിന്നിക്കരുത്. നിങ്ങൾ പരസ്പരം ശത്രുക്കളായിരുന്നപ്പോൾ അല്ലാഹു നിങ്ങൾക്ക് ചെയ്തു തന്ന അനുഗ്രഹം സ്മരിക്കുക. അങ്ങനെ അവൻ നിങ്ങളുടെ ഹൃദയങ്ങളെ അന്യോന്യം ഇണക്കി. അതിന്റെ ഫലമായി അവന്റെ അനുഗ്രഹത്താൽ നിങ്ങൾ സഹോദരങ്ങളായിത്തീർന്നു. നിങ്ങൾ ഒരു അഗ്നി കുണ്ഡത്തിന്റെ വക്കിലായിരുന്നു. എന്നിട്ട് അതിൽ നിന്നും അവൻ നിങ്ങളെ രക്ഷിച്ചു. ഇങ്ങനെ അല്ലാഹു തന്റെ കൽപനകൾ നിങ്ങൾക്കു വിവരിച്ചു തരുന്നു. നിങ്ങൾ നേർമാർഗ്ഗം പ്രാപിക്കുന്നതിനുവേണ്ടി."

"നന്മയിലേക്ക് ക്ഷണിക്കുകയും നല്ലകാര്യങ്ങൾ ഉപദേശിക്കുകയും നിഷിദ്ധകാര്യങ്ങളെ വിലക്കുകയും ചെയ്യുന്ന ഒരു സംഘം നിങ്ങളിലുണ്ടാവേണ്ടതാണ്. അവർ തന്നെയാണ് വിജയം പ്രാപിക്കുന്നവർ. (3:104,105)

സൂറത്തുന്നഹ്ലിലെ ആയത്താണ് അടുത്തത്: അതിന്റെ അർത്ഥം ഇപ്രകാരം. "തത്വജ്ഞാനവും സദുപദേശവും കൊണ്ട് നിന്റെ നാഥന്റെ മാർഗ്ഗത്തിലേക്ക് നീ (ജനങ്ങളെ) ക്ഷണിക്കുക. ഏറ്റവും ഉത്കൃഷ്ടമായ രീതിയിൽ അവരോട് സംവാദം നടത്തുകയും ചെയ്യുക. തന്റെ മാർഗ്ഗത്തിൽ നിന്ന് വ്യതിചലിച്ചു പോകുന്നവനെ സംബന്ധിച്ച് അല്ലാഹു നന്നായി അറിയുന്നവനാണ്. നേർമാർഗ്ഗം പ്രാപിച്ചവരേയും അവൻ നന്നായി അറിയുന്നു. (16:126)

കഴിഞ്ഞ ജുമുഅക്ക് അല്ലാഹുവിന്റെ അനുഗ്രഹത്താൽ സ്പെയിനിലെ രണ്ടാമത്തെ മസ്ജിദിന്റെ ഉദ്ഘാടനം നടക്കുകയുണ്ടായി. അന്ന് ജമാഅത്തിലെ എല്ലാവരും വളരെ സന്തോഷത്തിലായിരുന്നു. ഇപ്പോഴും സന്തോഷത്തിൽ തന്നെ. ഇതു സംബന്ധമായ ചില കാര്യങ്ങൾ നിങ്ങളോട് ഞാനപ്പോൾ പറഞ്ഞിരുന്നു. മറ്റു ചില കാര്യങ്ങളിലേക്കു കൂടി നിങ്ങളുടെ ശ്രദ്ധ ക്ഷണിക്കാനാണ് ഞാൻ ആഗ്രഹിക്കുന്നത്.

ഹ: മസീഹ് മൗഊദ് (അ) പറയുകയുണ്ടായി. "ഇപ്പോൾ നമ്മുടെ ജമാഅത്തിന് മസ്ജിദുകളുടെ അത്യാവശ്യമാണ് ഉള്ളത്. ഇത് ദൈവഭവനങ്ങളാണ്. ഏതൊരു ഗ്രാമത്തിലാണോ ഏതൊരു പട്ടണത്തിലാണോ നമ്മുടെ ജമാഅത്തിന്റെ മസ്ജിദ് നിർമ്മിക്കപ്പെട്ടത് അവിടെ ജമാഅത്തിന്റെ പുരോഗതിയുടെ അടിത്തറ പാകിയെന്ന് മനസ്സിലാക്കുക. മുസ്ലിംകൾ കുറവുള്ള ഏതെങ്കിലും ഗ്രാമമോ പട്ടണമോ ഉണ്ടെങ്കിൽ അതല്ലെങ്കിൽ അവിടെ മുസ്ലിംകൾ ഇല്ലെങ്കിൽ തന്നെ, അവിടങ്ങളിൽ ഇസ്ലാം പുരോഗതി കൈവരിക്കണമെന്ന് ആഗ്രഹിക്കുന്നുണ്ടെങ്കിൽ അവിടെ ഒരു മസ്ജിദ് നിർമ്മിക്കേണ്ടതാണ്. അങ്ങനെയാണെങ്കിൽ മുസ്ലിംകളെ അല്ലാഹു സ്വയം അവിടേക്ക് വലിച്ചു കൊണ്ടുവരുന്നതാണ്. എന്നാൽ മസ്ജിദ് നിർമ്മാണത്തിൽ നിയ്യത്ത് ആത്മാർത്ഥമായിരിക്കണം. അല്ലാഹുവിന് വേണ്ടി മാത്രം അത് നിർമ്മിക്കണം. വ്യക്തിതാത്പര്യ സംരക്ഷണമോ മറ്റെന്തെങ്കിലും ദുരുദ്ദേശ്യമോ പാടില്ല. അപ്പോഴാണ് അല്ലാഹു ബർക്കത്ത് ഇടുക."

ഈ ഉദ്ധരണി ഞാൻ മുമ്പും പലപ്രാവശ്യം കേൾപ്പിച്ചിട്ടുള്ളതാണ്. എന്നാൽ ഇതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഓരോ അഹ്മദിയും എപ്പോഴും തന്റെ കൺമുമ്പിൽ വേക്കേണ്ടത്ര പ്രധാന്യം ഉള്ളതാണ്. ഒന്നാമത്തെ കാര്യം ഇതിൽ പറഞ്ഞിരിക്കുന്നത് ഇത് ദൈവത്തിന്റെ ഭവനമാണെന്നാണ്. ദൈവഭവനത്തിനായി എന്തെല്ലാം മര്യാദകളാണോ പാലിക്കേണ്ടത് അതിലേക്ക് നമ്മുടെ ശ്രദ്ധ ഉണ്ടായിരിക്കണം. അല്ലാഹു ഉണ്ടെന്ന് ഓരോ അഹ്മദിയും ദൃഢമായി വിശ്വാസിക്കുന്നവരായിരിക്കെ അവന്റെ ഭവനത്തെ ആദരിക്കേണ്ടതിലേക്കും അതിന്റെ അദബുകൾ പാലിക്കേണ്ടതിലേക്കും അത് ജനങ്ങളാൽ നിറക്കുന്നതിലേക്കും ശ്രദ്ധ ഉണ്ടായിത്തീരേണ്ടതാണ്. അല്ലാഹുവിന് വേണ്ടി അവന്റെ ഭവനത്തെ ഭക്തരാൽ നിറക്കുന്നതിനായി ശ്രദ്ധയുണ്ടായിത്തീരുമ്പോൾ ഇബാദത്തിനോടൊപ്പം അല്ലാഹുവിന്റെ സൃഷ്ടികളുടെ കടമകൾ നിറവേറ്റുന്നതിലേക്കും ശ്രദ്ധ ഉണ്ടായിത്തീരുന്നതാണ്. പരസ്പരം സ്നേഹത്തിലും വാത്സല്യത്തിലും കഴിഞ്ഞു കൂടുന്നതിലേക്കും ശ്രദ്ധ ഉണ്ടായിത്തീരുന്നതാണ്.

ഈ കാര്യത്തിലേക്ക് ശ്രദ്ധ ക്ഷണിച്ചുകൊണ്ട് ഇതിനെ മസ്ജിദുമായി ബന്ധപ്പെടുത്തികൊണ്ട് ഹ: മസീഹ് മൗഊദ് (അ) പറയുന്നു: " ജമാഅത്തംഗങ്ങൾ എല്ലാവരും ഒത്തൊരുമിച്ച് ഈ മസ്ജിദിൽ ജമാഅത്തായി നമസ്ക്കരിക്കേണ്ടതാണ്. ജമാഅത്തായി നിൽക്കുന്നതിലും ഐക്യത്തിലും വലിയ ബർക്കത്തു

ക്കളാണുള്ളത്. പരവശത കാരണം ഭിന്നത ഉണ്ടാകുന്നു ഇപ്പോൾ ഐക്യത്തിനും സമന്വയത്തിനും കൂടുതൽ ഊന്നൽ നൽകേണ്ടിയിക്കുന്നു. ഭിന്നതക്ക് കാരണമാകുന്ന ചെറിയ ചെറിയ കാര്യങ്ങളെ അവഗണിക്കേണ്ടതാണ്."

ഒന്നാമത്തെ കാര്യം ഇത് ദൈവഭവനമാണ്. അതുകൊണ്ട് ഈ പ്രദേശത്ത് താമസിക്കുന്ന അഹ്മദികൾ ജമാഅത്തായ നമസ്കാരത്തിലേക്ക് ശ്രദ്ധിച്ചുകൊണ്ട് അതിന്റെ കടമ നിറവേറ്റുക. ജമാഅത്തായ നമസ്കാരം സ്നേഹത്തിലും സൗഹൃദത്തിലും ഐക്യത്തിലും കഴിഞ്ഞുകൂടണം എന്നതിലേക്ക് ശ്രദ്ധ തിരിക്കുന്നതായി മാറണം. പറയുന്നു."ഈ കാലത്ത് ഐക്യത്തിനും സമന്വയത്തിനും വളരെ കൂടുതൽ ഊന്നൽ നൽകേണ്ടിയിരിക്കുന്നു." ഈ കാര്യം ഇന്നേക്ക് 108 വർഷം മുമ്പാണ് ഹ: മസീഹ് മൗഊദ് (അ) പറഞ്ഞത്. അന്ന് ഹ: മസീഹ് മൗഊദ് (അ) ന്റെ സഹാബാക്കളുടെ ശിക്ഷണം കൂടെ കൂടെ നടക്കുന്നുണ്ടായിരുന്നു. അവരുടെ ആത്മീയസ്ഥാനവും തഖ്‌വയും ഉന്നത നിലവാരത്തിലായിരുന്നു. ഇന്നത്തെ അവസ്ഥ വെച്ചു നോക്കുമ്പോൾ അത് എത്രയോ ഉന്നതങ്ങളിലായിരുന്നു. അല്ലാഹുവിനെ കുറിച്ചുള്ള ഭയം അവരിൽ കൂടുതലായി ഉണ്ടായിരുന്നു. നമസ്കാരത്തിലുള്ള ശ്രദ്ധ അവരിൽ വളരെ കൂടുതലായിരുന്നു. ഹ: മസീഹ് മൗഊദ് (അ) നെ അംഗീകരിക്കുന്നവരിൽ അല്ലാഹുവുമായി പ്രത്യേകമായ ബന്ധം നിലനിന്നിരുന്നു. എന്നാൽ തഖ്‌വയുടെ എല്ലാ സൂക്ഷ്മവശങ്ങളെയും തന്നെ അംഗീകരിക്കുന്നവരുടെ മുമ്പിൽ തുറന്നു കാണിച്ചു കൊണ്ട് അവരെ ഉന്നതങ്ങളിലേക്ക് വഴികാട്ടുക എന്നത് ഒരു പ്രവാചകന്റെ ജോലിയാണ്. അതുകൊണ്ട് എല്ലാ സാധ്യതകളെയും അദ്ദേഹം തുറന്നു പറഞ്ഞു കൊണ്ട് തന്നിൽ വിശ്വസിക്കുന്നവരെ ഉപദേശിക്കുകയുണ്ടായി. ഹ: മസീഹ് മൗഊദ് (അ) വളരെയധികം ഇക്കാര്യത്തിൽ ശ്രദ്ധിച്ചിരുന്നു. ആരംഭകാലത്ത് തന്നെ തഖ്‌വയുടെ സ്ഥാനം ഉയരുന്നില്ലെങ്കിൽ ഭാവിയിൽ വരുന്നവർക്ക് പിൻപറ്റാൻ തഖ്‌വയുടെ ഉന്നത നിലവാരം കരസ്ഥമാക്കിയവരുടെ മാതൃക ഉണ്ടാകില്ല.

ഹ: മസീഹ് മൗഊദ് (അ) ന്റെ സഹാബാക്കളുടെ നിവേദനങ്ങൾ കേൾപ്പിക്കുന്ന ഒരു പരമ്പര ഞാൻ തുടങ്ങിയിരുന്നു. അതിൽ എല്ലാം ഉൾപ്പെടുത്താൻ കഴിഞ്ഞില്ല. എല്ലാ സഹാബാക്കളുടെയും സംഭവങ്ങൾ നമ്മുടെ മുമ്പാകെ വന്നില്ല. വന്നതു തന്നെയും വളരെ ചുരുക്കവും കുറവുമാണ്. എന്നാലും വന്നതെല്ലാം തന്നെ വളരെ ഉന്നത നിലവാരം പുലർത്തുന്നതാണ്. അവ സഹാബാക്കൾക്ക് വേണ്ടി പ്രാർത്ഥിക്കാൻ നമ്മെ പ്രേരിപ്പിക്കുന്നു. ആ സഹാബാക്കളുടെ മക്കളിൽ പെട്ടവരിൽ ചിലർ ഈ സ്പെയിനിൽ താമസിക്കുന്നവരിലും ഉണ്ടാകാം. അവർ പ്രത്യേകിച്ച് തങ്ങളുടെ പൂർവ്വികർക്കായി പ്രാർത്ഥിക്കേണ്ടതാണ്. അവരുടെ മാതൃക പിൻപറ്റുന്നതിലേക്ക് ശ്രദ്ധയുണ്ടായിരിക്കേണ്ടതാണ്.

ഈ രാജ്യത്ത് നമുക്ക് കൂടുതൽ പ്രവർത്തിക്കാനുണ്ട്. നമ്മുടെ നഷ്ടമായ ആ കീർത്തി തിരിച്ചു കൊണ്ടുവരേണ്ടതാണ്. നൂറ്റാണ്ടുകൾക്ക് മുമ്പ് ഇവിടെ താമസിച്ചവർ നഷ്ടപ്പെടുകയുണ്ടായി. ഇവിടത്തെ വാസികൾക്ക് ഇസ്‌ലാമിന്റെ ഗുണങ്ങൾ കേൾപ്പിച്ചു കൊണ്ട് തിരുനബി (സ) യുടെ പതാകക്കുകീഴെ ഇവരെ കൊണ്ടുവരേണ്ടതാണ്. ഇതിനായി ഏറ്റവും സുപ്രധാനമായ കാര്യം അല്ലാഹുവിന്റെ ആരാധനയുടെ അവകാശം പൂർത്തിയാക്കുക, അവനോട് സഹായം തേടുക, ഒറ്റക്കെട്ടായി തബ്‌ലീഗ് പ്രവർത്തനങ്ങൾ ചെയ്യുക എന്നതാണ്.

ഹ: മസീഹ് മൗഊദ് (അ) ന്റെ കാലത്ത് മാത്രമായിരുന്നില്ല ഐക്യത്തിന്റെയും സാഹോദര്യത്തിന്റെയും ആവശ്യം. ഇന്നും നമുക്ക് ആവശ്യമാണ്. ഈ രാജ്യത്തെ ഇസ്‌ലാമിന്റെ പതാകക്കു കീഴെ കൊണ്ടുവരും എന്ന വീരവാദവുമായാണ് നാം എഴുന്നേറ്റ് നിൽക്കുന്നത്. അതിനാൽ ഏറ്റവും ആദ്യം നമുക്കിടയിൽ ഐക്യവും ഒത്തൊരുമയും അഭിവൃദ്ധിപ്പെടുത്തുകയും അതിന്റെ ഉന്നതസ്ഥാനം കരസ്ഥമാക്കുകയും ചെയ്യേണ്ട ആവശ്യമാണുള്ളത്. എല്ലാ ഭാരവാഹികളും ജമാഅത്തിലെ ഓരോ അംഗവും ഒന്നായിത്തീരുന്നതിനായി തങ്ങളുടെ കടമ നിറവേറ്റിയിട്ടില്ലെങ്കിൽ മസ്ജിദിന്റെയും ദൈവഭവനത്തിന്റെയും കടമകൾ നിറവേറ്റുന്നവരായിത്തീരുന്നില്ല.

ഞാൻ മുമ്പും ഒരു കാര്യം പറഞ്ഞിരുന്നു. മസ്ജിദിന്റെ സൗന്ദര്യം ഫലം നൽകുന്നത് ഇതിനകത്ത് വരുന്നവരുടെ ആത്മാവിന്റെ സൗന്ദര്യം പ്രകടമാവുമ്പോഴാണ്. ഓരോ അഹ്മദിയുടെയും വാക്കിലും പ്രവർത്തിയിലും ഇബാദത്തിനോടൊപ്പം സ്നേഹത്തിന്റെയും പ്രേമത്തിന്റെയും വികാരം പ്രകടമാകുമ്പോഴാണ്. ഇക്കാര്യം വിശുദ്ധ ഖുർആൻ നമ്മുടെ മുമ്പാകെ തുറന്നു കാട്ടുന്നുണ്ട്.

ഞാൻ തുടക്കത്തിൽ പാരായണം ചെയ്ത ആയത്തിൽ അല്ലാഹു ഇത് പറയുന്നുണ്ട്. അതിന്റെ തർജ്ജമ നിങ്ങൾ കേട്ടു കഴിഞ്ഞതാണ്. നിങ്ങൾ പരസ്പരം സ്നേഹവും സൗഹാർദ്ദവും നിലനിർത്തുക. നിങ്ങളെ ഒന്നാക്കി എന്നത് അല്ലാഹുവിന്റെ ഔദാര്യമാണ്. ഐക്യമില്ലെങ്കിൽ പിന്നെ നാശമാണ്. ചുരുക്കത്തിൽ അല്ലാഹുവിന്റെ ഓരോ കല്പനയെക്കുറിച്ചും നിർദ്ദേശത്തെകുറിച്ചും ഒരു യഥാർത്ഥ വിശ്വാസി ചിന്തിക്കേണ്ടതാണ്. ഈ കല്പനകളിൽ നിന്നും ഞാനോ നിങ്ങളോ പുറത്തല്ല. ഭാരവാഹിയോ മുറബ്ബിയോ മുബല്ലിഗോ പുറത്തല്ല. അതേപോലെ ജമാഅത്തിലെ സ്ത്രീയോ പുരുഷനോ പുറത്തല്ല. അല്ലാഹുവിന്റെ പാശത്തെ നാം സുദൃഢമായി മുറുകെ പിടിക്കുന്ന കാലത്തോളം, വിശുദ്ധ ഖുർആന്റെ അദ്ധ്യാപനമനുസരിച്ച് നാം പ്രവർത്തിക്കുന്ന കാലത്തോളം, അഹ്മദിയാകാനും അഹ്മദിയ്യത്തിൽ നിലനിൽക്കാനും അല്ലാഹു തൗഫീഖ് നൽകിയ അനുഗ്രഹത്തെ നാം ഓർക്കുന്ന കാലത്തോളം നാം അല്ലാഹുവിന്റെ കടമകൾ നിറവേറ്റുന്നവരായി മാറുന്നതാണ്. അതോടൊപ്പം അല്ലാഹുവിന്റെ ഭവനത്തിന്റെ കടമകൾ നിറവേറ്റുന്നവരായും നാം മാറുന്നതാണ്. തിരുനബി (സ) യുടെയും അദ്ദേഹത്തിന്റെ പ്രിയ പ്രേമിയുടെയും കാലത്തിന്റെ ഇമാമിന്റെയും ഉപദേശനിർദ്ദേശങ്ങൾ നെഞ്ചോട് ചേർത്ത് പിടിക്കുന്ന കാലത്തോളം നാം അല്ലാഹുവിന്റെ അനുഗ്രഹങ്ങൾക്കും അവന്റെ പാരിതോഷികങ്ങൾക്കും ഉപകാരങ്ങൾക്കും അവന് നന്ദി പ്രകടിപ്പിക്കുന്നവരുമായിത്തീരുന്നതാണ്. കാലത്തിന്റെ ഖലീഫയുടെ വാക്കുകൾ കേൾക്കുക മാത്രമല്ല അത് പ്രാവർത്തികമാക്കാൻ ശ്രമിക്കുകയും ചെയ്യുമ്പോഴാണ് നാം അല്ലാഹുവിന്റെ അനുഗ്രഹങ്ങളെ വിലമതിക്കുന്നവനായി മാറുക.

വിശുദ്ധ ഖുർആൻ, തിരുനബി (സ), ഹ: മസീഹ് മൗഊദ് (അ), അഹ്മദിയ്യാ ഖിലാഫത്ത് ഇവയെല്ലാം ഹബ്ലുല്ലാഹ് ആണെന്ന് ഓർക്കുക. അല്ലാഹുവിന്റെ പാശമാണ്. ഇതിൽ ഒരു കണ്ണിയെ പോലും ഒരഹ്മദി അവഗണിക്കുകയാണെങ്കിൽ അവൻ വീണ്ടും അഗ്നികുണ്ഡത്തിലേക്ക് പോകുന്നവനെപ്പോലെയായിരിക്കും. അതുകൊണ്ട് ഓരോ അഹ്മദിയും ഹബ്ലുല്ലായെ മുറുകെ

പിടിക്കുന്നതും അല്ലാഹുവിന്റെ അനുഗ്രഹത്തെ ഓർക്കുന്നതും അതിന് നന്ദിയുള്ളവനായിത്തീരുന്നതും അത് വാക്കിൽ നിന്ന് പ്രവർത്തിപഥത്തിലേക്ക് വരുന്നതും എല്ലാം പരസ്പരം സ്നേഹം ഉണ്ടായിത്തീരുമ്പോഴാണ്. സ്നേഹമുള്ള സഹോദരന്മാരെ പോലെ പരസ്പരം വർത്തിക്കുമ്പോഴായിരിക്കും ഇത് ഉണ്ടായിത്തീരുക. നേർമാർഗ്ഗം പ്രാപിച്ചവനെന്നും തീ കുണ്ഡത്തിൽ നിന്ന് രക്ഷപ്പെട്ടവനെന്നും അപ്പോഴാണ് ഒരഹ്മദിയെ കുറിച്ച് പറയാൻ സാധിക്കുക. എല്ലാതരം ഭിന്നിപ്പിൽ നിന്നും തന്നെ അകറ്റി നിർത്തുമ്പോഴാണ് ഒരാൾ യഥാർത്ഥ അഹ്മദിയാണെന്ന് പറയപ്പെടുകയുള്ളൂ. വ്യക്തിപരമായ എല്ലാ അഹങ്കാരത്തിൽ നിന്നും തന്നെ സംരക്ഷിക്കുമ്പോഴും അല്ലാഹുവിന്റെ പ്രീതിക്കായി പരസ്പരം സ്നേഹിക്കുകയും ചെയ്യുമ്പോഴാണ് ഒരാൾ യഥാർത്ഥ അഹ്മദിയായിത്തീരുന്നത്. ഈ രീതിയിൽ തന്റെ ചിന്തകളെ കൊണ്ടുപോകുന്നവർ ഭാഗ്യവാന്മാർ. തന്റെ വാക്കിനെയും വാക്കിനെയും പ്രവർത്തിയേയും ഈ രീതിയിൽ അവർ ആക്കിത്തീർക്കുന്നു. ഈ ഒരു സ്ഥാനം നാം കൈ വരിച്ചു കഴിഞ്ഞാൽ മത്രമേ മറ്റുള്ളവരെ നമുക്ക് ക്ഷണിക്കാൻ സാധിക്കുകയുള്ളൂ. അപ്പോൾ മാത്രമേ 'ജനങ്ങളെ വരിക! ഇവിടെ നിങ്ങൾക്ക് സന്മാർഗ്ഗദീപം ദർശിക്കാം' എന്ന് നമുക്ക് വിളിച്ചു പറയാൻ സാധിക്കുകയുള്ളൂ.

ഇന്ന് ലോകത്തിന്റെ വലിയൊരു വിഭാഗം ജനങ്ങളും മതത്തിൽ നിന്ന് അകന്നിരിക്കുകയാണ്. ദൈവത്തിന്റെ അസ്തിത്വത്തെ തന്നെ നിഷേധിക്കുന്നവരായി മാറിയിരിക്കുകയാണ്. പാശ്ചാത്യ നാടുകളിൽ പ്രത്യേകിച്ച് ഇതാണവസ്ഥ. എന്നാൽ സ്പെയിനിൽ ഇപ്പോഴും ഒരു വലിയ വിഭാഗം മതത്തോട് ചായ്‌വുള്ളവരാണ്. രണ്ട് ദിവസം മുമ്പ് ഇവിടെ സ്പാനിഷ് ആളുകളുമായി ഒരു റിസപ്ഷൻ ഉണ്ടായിരുന്നു. വലൻസിയായിലെ പാർലിമെന്റ് സദ്ർ എന്നോടൊപ്പം ഇരുക്കുന്നുണ്ടായിരുന്നു. സംസാരമധ്യേ അദ്ദേഹം വളരെ വ്യാകുലചിത്തനായികൊണ്ട് പറഞ്ഞു. 'ജനങ്ങൾ ഇക്കാലത്ത് മതത്തിൽ നിന്നും അകന്നു കൊണ്ടിരിക്കുകയാണ്. ഇവരെ മതത്തിലേക്ക് കൊണ്ടുവരാൻ നാം ശ്രമിക്കേണ്ടതാണ്.'

ഇത്ര വലിയ പോസ്റ്റിലുള്ളവർ പൊതുവിൽ മതചിന്തയിൽ നിന്നും അകന്ന് വെറും ഭൗതിക ചിന്തയിൽ മുഴുകിയവരായിരിക്കും. പാശ്ചാത്യ നാടുകളിൽ ആരെയെല്ലാം ഞാൻ കണ്ടിട്ടുണ്ടോ അവരെല്ലാം അങ്ങനെയാണ്. എന്നാൽ ഇവിടെ ഇവ്വിധം ആളുകളിലും മതത്തോട് താത്പര്യമുള്ളതായി ഞാൻ കണ്ടിട്ടുണ്ട്. മതചിന്തയുള്ള വ്യക്തിയാണദ്ദേഹം.

യഥാർത്ഥ മതം ഏതാണെന്ന് അല്ലാഹു വ്യക്തമായി പറഞ്ഞു തന്നിരിക്കുന്നു. അത് ഇസ്ലാമാണ്. അതിനാൽ മറ്റൊരു മതവും സൃഷ്ടിയെ സൃഷ്ടികർത്താവുമായി ബന്ധിപ്പിക്കുകയില്ല. അതിന് അതിനുള്ള കഴിവും ഇല്ല. സൃഷ്ടിയെ സൃഷ്ടികർത്താവിലേക്ക് എത്തിക്കാൻ കഴിവുള്ള മതം ഇസ്ലാം ഒന്ന് മാത്രമാണുള്ളത്. എന്നാൽ ഇസ്ലാമിനെ പ്രചരിപ്പിക്കാൻ ഉത്തരവാദപ്പെട്ടവർ, അല്ലാഹു കരുണചെയ്തുകൊണ്ട് അല്ലാഹുവിന്റെ പാശത്തെ കൈയ്യിൽ നൽകപ്പെട്ടവർ അഹ്മദികളാണ്. അതു കൊണ്ട് നമ്മുടെ വാക്കിലും പ്രവർത്തിയിലും വൈരുദ്ധ്യം നിലനിൽക്കുന്നുണ്ടെങ്കിൽ ചെറിയ ചെറിയ കാര്യങ്ങൾ പറഞ്ഞു കൊണ്ട് നാം പരസ്പരം അഭിപ്രായ ഭിന്നതയിലാണെങ്കിൽ, നമ്മുടെ ഐക്യത്തെ തകർക്കുന്ന തരത്തിലുള്ള അഭിപ്രായഭിന്നതയാണെങ്കിൽ, അത് നമ്മിൽ അർപ്പിതമായ ഉത്തരവാദിത്വങ്ങൾ നിറവേറ്റുന്നതിലും അതിന്റെ ഉന്നത ഫലങ്ങൾ കരസ്ഥമാക്കുന്നതിലും തടസ്സമാക്കുകയാണെങ്കിൽ തീർച്ചയായും നാം അല്ലാഹുവിന്റെ മുമ്പിൽ മറുപടി പറയേണ്ടവരായിത്തീരുന്നവരാണ്. ആദ്യകാലത്ത് മുസ്ലിംകളായിരുന്ന ആയിരക്കണക്കിന് സ്പെയിൻ നിവാസികൾ ഇപ്പോൾ ഇസ്ലാം മതത്തിലേക്ക് വന്നിരിക്കുന്നു എന്ന് ഞാൻ കഴിഞ്ഞ ഖുത്വുബയിൽ പറഞ്ഞിരുന്നു. എന്നാൽ യഥാർത്ഥ ഇസ്ലാം ഏതാണെന്ന് അവർക്കിപ്പോൾ അറിയില്ല. യഥാർത്ഥ ഇസ്ലാം നാമാണ് അവർക്ക് പറഞ്ഞു കൊടുക്കേണ്ടത്. യൂറോപ്പിലും മറ്റു പാശ്ചാത്യ നാടുകളിലും ആത്മീയത അന്വേഷിച്ചു കൊണ്ട് ഇസ്ലാം മതം ആശ്ലേഷിച്ച പല അഹ്മദികളുമുണ്ട്. എന്നാൽ അവർ അന്വേഷിച്ചുകൊണ്ടിരുന്ന ആത്മീയ മാർഗ്ഗത്തിലേക്ക് മുസ്ലിം പണ്ഡിതന്മാർക്കൊ നേതാക്കൾക്കോ വഴി കാട്ടാൻ കഴിഞ്ഞിരുന്നില്ല. അങ്ങനെ അവർ വീണ്ടും അന്വേഷണം തുടർന്നുകൊണ്ടിരുന്നു. അങ്ങനെ ആ അന്വേഷണം അവരെ അഹ്മദിയ്യത്തിലേക്ക് കൊണ്ടുവരികയുണ്ടായി. പുതുതായി വരുന്നവർക്ക് അഹ്മദിയ്യത്തിന്റെ മടിത്തട്ടിലാണ് ആത്മീയ സംതൃപ്തി കൈവരുന്നതെന്ന കാര്യം ഓരോ അഹ്മദിയും ശ്രദ്ധിക്കേണ്ടതാണ്. ഇതിന്നായി ആദ്യകാല അഹ്മദികൾ തങ്ങളിലും ഒരാത്മപരിശോധന നടത്തേണ്ടിയിരിക്കുന്നു. ആദ്യകാല അഹ്മദികൾ, പ്രത്യേകിച്ച് പുറം ലോകങ്ങളിൽ വസിക്കുന്ന പാക്കിസ്ഥാനി അഹ്മദികൾ, അവർ തങ്ങളുടെ ഉത്തരവാദിത്വങ്ങൾ നിർവഹിക്കുന്നില്ലെങ്കിൽ, ഈ സത്യാന്വേഷികളെ ദീനിൽ നിന്നും അകറ്റുന്നവരായി അവർ മാറും. അതു കൊണ്ട് ഓരോ അഹ്മദിയും തന്റെ ഉത്തരവാദിത്വം മനസ്സിലാക്കേണ്ടിയിരിക്കുന്നു.

റിസപ്ഷനെ കുറിച്ച് ഞാൻ പറഞ്ഞിരുന്നതാണ്. അതിൽ ഞാൻ ഇസ്ലാമിന്റെ അധ്യാപനങ്ങളുടെ വെളിച്ചത്തിൽ ചുരുങ്ങിയ രീതിയിൽ വിവിധ വശങ്ങളെ കുറിച്ച് പ്രതിപാദിച്ചിരുന്നു. സ്പാനിഷ് ആണെന്ന് തോന്നുന്ന ഒരു സ്ത്രീ ഭക്ഷണത്തിന് ശേഷം എന്നെ കാണാൻ വന്നു. അവർ മുസ്ലിമാണ്. അപ്പോൾ ഞാൻ പറഞ്ഞു, നിങ്ങളെ കണ്ടാൽ സ്പാനിഷായിട്ടേ തോന്നുകയുള്ളൂ. അവർ ഇന്ന ഇസ്ലാമിക സംഘടനയുടെ ഭാരവാഹിയാണെന്നും പറഞ്ഞു. അവർ പറഞ്ഞു: ഇസ്ലാമിന്റെ മനോഹരമായ അധ്യാപനങ്ങൾ വളരെ ഭംഗിയായി നിങ്ങൾ വിവരിക്കുകയുണ്ടായി. ഇത് കണ്ടപ്പോൾ എനിക്ക് വളരെയധികം സന്തോഷം വന്നു. നിങ്ങൾ സ്പാനിഷാണെന്ന് കണ്ടാൽ തോന്നും എന്ന് ഞാൻ പറഞ്ഞപ്പോൾ ആദ്യ മുബല്ലിഗായിരുന്ന മൗലവി കറം ഇലാഹി സഫർ സാഹിബിന്റെ ഒരുമകൻ എന്റെ അടുത്ത് നിൽപ്പുണ്ടായിരുന്നു. അദ്ദേഹം പറഞ്ഞു. ഇവർ സ്പാനിഷ് തന്നെയാണ്. ഇപ്പോൾ അവർ ഇസ്ലാം സ്വീകരിച്ചിരിക്കുകയാണ്. അദ്ദേഹം ഉപയോഗിച്ചിരുന്ന വാക്ക് കൺവർട്ട് ആയി എന്നാണ്. അപ്പോൾ ആ സ്ത്രീ ഉടനെ പറയുകയുണ്ടായി. ഞാൻ കൺവർട്ട് ആയിട്ടില്ല. മതം മാറിയിട്ടില്ല. എന്റെ പൂർവ്വികരുടെ മതത്തിലേക്ക് വീണ്ടും തിരിച്ചുവന്നിരിക്കുകയാണ്. അതിൽ നിന്നും മനസ്സിലാകുന്നത് തങ്ങളുടെ പൂർവ്വികരുടെ മതത്തെയും തങ്ങളുടെ അടിത്തറയേയും അന്വേഷിക്കുന്നവർ അവരിൽ പലരുമുണ്ടെന്നാണ്. നമുക്ക് അങ്ങനെയുള്ള പ്രദേശങ്ങളിൽ, അങ്ങനെയുള്ള ജനങ്ങളിൽ വളരെയധികം കഠിനപ്രയത്നം ചെയ്യേണ്ട ആവശ്യമുണ്ട്.

എനിക്ക് വീണ്ടും വീണ്ടും പറയാനുള്ളത് ഇക്കാര്യങ്ങളിൽ അനുഗ്രഹം വർഷിക്കപ്പെടേണമെങ്കിൽ അല്ലാഹുവിന്റെ കൽപന

പ്രകാരം നമ്മുടെ ജീവിതത്തെ മാറ്റേണ്ടിയിരിക്കുന്നു എന്നാണ്. യഥാർത്ഥ ഇസ്‌ലാമിനെ കുറിച്ചുള്ള അന്വേഷണത്തിന്റെ ദാഹം തീർക്കാൻ കഴിയുന്നവർ നാമാണ്. ഒരഹ്‌മദിക്കാണ് ആ ദാഹം തീർക്കാൻ സാധിക്കുക. മസ്ജിദ് നിർമ്മാണത്തോടുകൂടി ഇസ്‌ലാമിന്റെ പുരോഗതിയുടെ അടിത്തറ പാകപ്പെട്ടു എന്ന് ഹ:മസീഹ് മൗഊദ് (അ) പറഞ്ഞപ്പോൾ അതോടൊപ്പം ഒരു നിബന്ധനവെച്ചിരിക്കുന്നത് മസ്ജിദ് നിർമ്മാണോദ്ദേശ്യം ആത്മാർത്ഥമായിരിക്കണം എന്നാണ്. അപ്പോഴാണ് ഫലം നൽകുക. മസ്ജിദിന്റെ നിർമ്മാണത്തിലും അതിനെ ജനനിബിഢമാക്കുന്നതിലും ഇഖ്‌ലാസാണ് ഫലം ചെയ്യുക. അതല്ലാതെ വല്ല തത്വമോ, കഴിവോ, അറിവോ, ബുദ്ധിയോ അല്ല. ഇവയെല്ലാം കൂടെ പ്രവർത്തിക്കുന്നതാണ്. എന്നാൽ ആത്മാർത്ഥ അതാണ് അടിസ്ഥാനം. അല്ലാഹുവിന്റെ പ്രീതി കരസ്ഥമാക്കുക എന്നതാണ് അടിസ്ഥാനകാര്യം. വ്യക്തിപരമായ താത്പര്യസംരക്ഷണങ്ങളിൽ നിന്നും സ്ഥാനമാനങ്ങളിൽ നിന്നും വിട്ടു നിന്നു കൊണ്ട് നാം പ്രവർത്തിക്കുകയാണെങ്കിൽ ഇൻശാഅല്ലാ തഅല മസ്ജിദ് ബശാറത്ത് പെഡ്രോബാദിന്റെയും അനുഗ്രഹങ്ങൾ നമുക്ക് ഫലം നൽകുന്നതാണ്. അതേ പോലെ മസ്ജിദ് ബൈത്തുർ റഹ്‌മാൻ വലൻസിയയുടെ നിർമ്മാണം കൊണ്ടുള്ള സദ്ഫലങ്ങളും നാം കാണുന്നതാണ്.

ഞാൻ പറഞ്ഞതു പോലെ ഈ മസ്ജിദിന്റെ ഉദ്ഘാടനവേളയിൽ റിസപ്ഷൻ നടക്കുകയുണ്ടായി. ഇത്രയും വിശാലമായ രീതിയിൽ സ്പെയിൻ ജമാഅത്ത് സംഘടിപ്പിക്കുന്ന ആദ്യത്തെ റിസപ്ഷനായിരുന്നു ഇത്. ഇതിൽ അയൽവാസികളെ കൂടാതെ വിദ്യാസമ്പന്നരും സർക്കാർ ഉദ്യോഗസ്ഥരും രാഷ്ട്രീയ നേതാക്കളും വന്നു. എല്ലാ വിഭാഗത്തിലേയും ആളുകൾ ഉണ്ടായിരുന്നു. വളരെ നല്ല സ്വാധീനവുമായാണ് അവർ പോയത്. അധികം പേരും പറഞ്ഞത് ഇസ്‌ലാമിന്റെ ഈ മനോഹര സന്ദേശത്തെ ഇന്നാണ് ഞങ്ങൾ കേട്ടത്. ഞങ്ങൾ വികാരഭരിതരായിരുന്നു. അവരിൽ ചിലർ ദൈവനിഷേധികളുണ്ട്. അവരിൽ ചിലർ പറഞ്ഞത് മതത്തെ കുറിച്ച് പലതും ഞങ്ങൾക്ക് ഇപ്പോഴാണ് മനസ്സിലായത്. ഡോ: മൻസൂർ സാഹിബ് പറയുകയുണ്ടായി; എനിക്കറിയുന്ന ഒരാൾ അദ്ദേഹം വളരെയധികം വികാരനിർഭരമായ ഒരവസ്ഥയിലായിരുന്നു.

ചുരുക്കത്തിൽ ഇന്ന് അല്ലാഹുവിന്റെ ദൃഢവിശ്വസവും മതത്തിന്റെ മനോഹാരിതയും ആർക്കെങ്കിലും പറയാൻ സാധിക്കുമെങ്കിൽ അത് ഹ: മസീഹ് മൗഊദ് (അ) നെ വിശ്വസിച്ച അദ്ദേഹത്തിന്റെ ജമാഅത്തിൽ പ്രവേശിച്ച അഹ്‌മദികൾക്ക് മാത്രമാണ്. അവർക്ക് അല്ലാഹുവിന്റെ പാശത്തെ മുറുകെ പിടിക്കാനുള്ള അവസരങ്ങൾ അല്ലാഹു ഒരുക്കുകയുണ്ടായി.

ഇവിടെയുള്ള പ്രോഗ്രാമുകൾ നിങ്ങൾക്ക് പിന്നീട് കാണാനും പലതും റിപ്പോർട്ടുകളിൽ വായിക്കാനും സാധിക്കുന്നതായിരിക്കും. ഇവിടെ നടന്ന ഇന്റർവ്യൂ എം.ടി.എ റിക്കാർഡ് ചെയ്യുകയും ചെയ്തിട്ടുണ്ട്. റിസപ്ഷനിൽ വന്നിരുന്ന പലരും തങ്ങളുടെ അഭിപ്രായങ്ങൾ രേഖപ്പെടുത്തുകയുണ്ടായി. അവർ മസ്ജിദിനെ കുറിച്ചും ഇസ്‌ലാമിനെ കുറിച്ചുമെല്ലാം തങ്ങളുടെ കാഴ്ചപ്പാടുകൾ വിവരിച്ചിട്ടുണ്ട്. വലൻസിയയിലെ അസംബ്ലി സ്പീക്കറും ഇതിൽ ഉണ്ടായിരുന്നു. ഇദ്ദേഹം മെൽബണിൽ പോയതായിരുന്നു. ഇവിടെ താമസിക്കുന്നവർക്ക് അറിയാം അത് എത്രമാത്രം ദൂരമുണ്ടെന്ന്. ട്രെയിനിൽ വന്നാൽ തന്നെയും ഏകദേശം രണ്ട് മണിക്കൂർ എടുക്കും. അദ്ദേഹം തിരിച്ചുവരുന്നതിൽ അൽപം വൈകിപ്പോയി. അപ്പോൾ അദ്ദേഹത്തിന്റെ സ്റ്റാഫ് പറഞ്ഞു. നിങ്ങൾക്ക് ഇനി അവിടെ എത്താൻ പറ്റില്ല. എന്നാൽ അദ്ദേഹം പ്രോഗ്രാമിന്റെ ഒരു മണിക്കൂർ മുമ്പേ സ്റ്റേഷനിൽ എത്തി. എന്നിട്ട് തന്റെ ഡ്രൈവറോട് നേരെ പള്ളിയിലേക്ക് വണ്ടി വിടാൻ പറയുകയും ചെയ്തു. അദ്ദേഹം ഒരു സുപ്രധാന ജോലിക്കു വേണ്ടി പോയതായിരുന്നു. അദ്ദേഹം പറയുകയുണ്ടായി. ഇന്ന് ഉച്ചക്ക് വിദേശകാര്യമന്ത്രിയുമായി അദ്ദേഹത്തിന്റെ മീറ്റിംഗ് ഉണ്ടായിരുന്നു. അത് കഴിഞ്ഞാണ് വരുന്നത്. അതെല്ലാമുണ്ടായിട്ടും മസ്ജിദിന്റെ ഈ പരിപാടിക്ക് അദ്ദേഹം പ്രാധാന്യം നൽകുകയും നേരെ ഇവിടേക്ക് വരികയും ചെയ്തു. അദ്ദേഹം ആദ്യം കരുതിയിരുന്നത് ഇവിടെ അരമണിക്കൂർ ഇരുന്ന് പോകാമെന്നായിരുന്നു. എന്നാൽ അദ്ദേഹം ഇരിക്കുകയും വളരെ താത്പര്യത്തോടെ കാര്യങ്ങൾ കേൾക്കുകയും സംസാരിക്കുകയും ചെയ്തു. അദ്ദേഹം പറഞ്ഞു: താങ്കൾ വിവരിച്ച ഇസ്‌ലാമിന്റെ അധ്യാപനങ്ങൾ വളരെ മനോഹരമാണ്."

ഇതേ പോലെ പലരും ഇവിടെ വന്നിട്ടുണ്ടായിരുന്നു. അവരിൽ രാഷ്ട്രീയ നേതാക്കളും വക്കീൽമാരും ഡോക്ടർമാരും മെമ്പർ ഓഫ് പാർലിമെന്റും എല്ലാം ഉണ്ടായിരുന്നു. അവരെല്ലാം നല്ല സ്വാധീനവും കൊണ്ടാണ് തിരിച്ചു പോയത്.

ഇത്രയും വിപുലമായ രീതിയിൽ സ്പെയിൻ ജമാഅത്ത് സംഘടിപ്പിച്ച ആദ്യത്തെ വലിയ ഫങ്ഷനായിരുന്നു ഇത്. ഇതിൽ സ്പെയിൻകാരായ 108 ആളുകൾ പങ്കെടുത്തിരുന്നു. ഇവിടെ മസ്ജിദ് നിർമ്മാണത്തിൽ എതിർത്തിരുന്ന അയൽവാസികളിൽ പലരും വന്നിരുന്നു. അവർക്ക് പല സന്ദേഹങ്ങളും ഉണ്ടായിരുന്നു. അത് ചിലർ പ്രകടിപ്പിക്കുകയും ചെയ്തു. എന്റെ പ്രസംഗത്തിന് ശേഷം ആ സന്ദേഹങ്ങളെല്ലാം അകലുകയുണ്ടായി. ഇസ്‌ലാമിൽ അയൽവാസികളുടെ പ്രാധാന്യവും അവരുടെ അവകാശങ്ങളും എന്ന വിഷയം മുതലാണ് എന്റെ പ്രസംഗം തുടങ്ങിയിരുന്നത്.

ചുരുക്കത്തിൽ ലോകം ഇതിലേക്ക് ശ്രദ്ധിക്കാൻ തുടങ്ങിയിട്ടുണ്ട്. ഈ മസ്ജിദ് നിർമ്മാണത്തിലൂടെ, ഇതിന്റെ കാര്യങ്ങൾ പത്രമാധ്യമങ്ങളിൽ വന്നതിനു ശേഷം ജനങ്ങളുടെ ശ്രദ്ധ കൂടുതൽ ഈ ഭാഗത്തേക്ക് തിരിയുന്നതാണ്. നാം നമ്മുടെ കടമകൾ നിറവേറ്റേണ്ടിയിരിക്കുന്നു. അതുകൊണ്ട് ഈ ഉത്തരവാദിത്വങ്ങൾ മനസ്സിലാക്കുകയാണ് വേണ്ടത്.

ഞാൻ ഓതിയ ആയത്തുകൾ ആദ്യത്തെ ആയത്തിൽ ഐക്യം നിലനിർത്തിയാൽ മാത്രമേ നേർമാർഗ്ഗത്തിൽ നില നിൽക്കുകയുള്ളൂ എന്ന് പറയുകയുണ്ടായി. വഴികേടിൽ നിന്നും ഇതാണ് രക്ഷപ്പെടുത്തുക. അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ കരസ്ഥമാക്കി കൊണ്ടിരിക്കുകയും ചെയ്യാവുന്നതാണ്. രണ്ടാമത്തെ ആയത്തിൽ പറയുന്നത് നിങ്ങളിൽ നിന്ന് ഒരു സംഘം നന്മയിലേക്ക് ക്ഷണിക്കുന്നവരായി ഉണ്ടാകണം.

യദ്ഹൂൻ ഇലൽ ഹയ്‌രി ചെയ്യുന്നവരാകണം. നന്മയിലേക്ക് ക്ഷണിക്കുന്നവരാകണം. നന്മയിലേക്ക് ക്ഷണിക്കുന്ന, നന്മ ഉപദേശിക്കുകയും തിന്മയിൽ നിന്ന് തടയുകയും ചെയ്യുന്ന ഒരു സംഘം വേണമെന്ന് ഇവിടെ പറയുന്നു. അതിൽ ഒന്നാമത്തെ സംഘം മുബല്ലിഗ്‌മാരുടേയും മുറബ്ബിമാരുടേയും സംഘമാണ്. അവരാണ് ആദ്യത്തെ സംബോധിതർ. കാരണം മുറബ്ബിമാരെ കാലത്തിന്റെ ഖലീഫ തർബിയത്തിനു വേണ്ടിയും തബ്‌ലീഗിനു വേണ്ടിയും തന്റെ പ്രതിനിധിയായും കൊണ്ട് ഇവിടേക്കും മറ്റു നാടുകളിലേക്കും അയച്ചവരാണ്. നിങ്ങൾ ഉപദേശകന്മാരാണ്.

മോക്ഷം ആഗ്രഹിക്കു ന്നുണ്ടെങ്കിൽ അല്ലാഹുവിന്റെ പാശത്തെ മുറുകെ പിടിക്കണമെന്ന് നിങ്ങൾ ലോകത്തോട് പറയുന്നു. ഇരുലോകവും ശരിയാക്കണമെന്ന് നിങ്ങൾ ആഗ്രഹിക്കുന്നു ണ്ടെങ്കിൽ സ്നേഹവും സൗഹൃദവും സാഹോദര്യവും വർദ്ധി പ്പിക്കേണ്ടിയിരിക്കുന്നു എന്ന് ലോകത്തോട് പറയുന്നവരാണ് നിങ്ങൾ. മുറബ്ബിമാരും മുബല്ലിഗ്മാരും അവർ സ്വയം ഇക്കാര്യ ത്തിൽ ഉന്നത നിലവാരം കാണിക്കുന്നില്ലെങ്കിൽ ലോകത്തിനെ എങ്ങനെ ഉപദേശിക്കാൻ സാധിക്കും. മുറബ്ബിമാരുടെ ജോലി ജമാഅത്തിന്റെ തർബിയ ത്തും തബ്ലീഗുമാണ്. ഈ രണ്ടു പ്രവർത്തനത്തിനുമായി ഉയർന്ന മനക്കരുത്ത് ഉണ്ടാകേണ്ട താണ്. ക്ഷമയുടെ ഉന്നതനിലവാരം കാണിക്കേണ്ടതും അത് സ്ഥാപിക്കേണ്ടതും വളരെ സുപ്രധാനം തന്നെയാണ്. തങ്ങളുടെ വാക്കിലും പ്രവർത്തിയിലും യോജിപ്പു ണ്ടാക്കുക എന്നതും വളരെ ആവശ്യമാണ്.

മുറബ്ബിമാർ ജമാഅത്തിന്റെ മതപരവും ആത്മീയപരവുമായ ഉന്ന മനത്തിനായി പ്രവർത്തിക്കുന്ന ഖലീഫയുടെ പ്രതിനിധികളാ ണ്. അതുകൊണ്ട് അതിന്റെ പ്രാതിനിധ്യം നിറവേറ്റാൻ പരിശ്ര മിക്കേണ്ടതാണ്. വളരെ പ്രയാസമുള്ള അവസ്ഥകൾ വരും. ഭാര വാഹികളും പെരുമാറ്റത്തിൽ അസ്വസ്ഥരാവുകയും ചെയ്തേ ക്കാം. ചില അവസരങ്ങളിൽ ക്ഷമയുടെ നെല്ലിപ്പടി കടന്നേ ക്കാം. കാരണം ഇവരും മനുഷ്യരാണ്. എന്നാൽ ഉടനെ ദുആയും ഇസ്തിഗ്ഫാറും ചെയ്യുക. അതോടൊപ്പം അല്ലാഹുവിന് വേണ്ടി ഞങ്ങൾ ഞങ്ങളുടെ ജീവിതം വഖഫ് ചെയ്തിരിക്കുകയാ ണെന്ന ചിന്തയും മുമ്പിൽ കൊണ്ടുവരിക. ജമാഅത്തിന്റെ തർ ബിയത്തിന്റെ ഉന്നതനിലവാരം സ്ഥാപിക്കുമെന്നും വഴികേടി ലായ ലോകരെ തിരുനബി(സ)യുടെ പതാകക്കു കീഴെ കൊണ്ടു വരുന്നതാണെന്നും ഞങ്ങൾ പ്രതിജ്ഞയെടുത്തിട്ടുണ്ടെന്നും ഓർക്കുക. ഈ ഒരു ചിന്തയുണ്ടാകുമ്പോഴാണ് ആരുടെയെങ്കി ലും വാക്കുകൾ നിങ്ങളെ നിങ്ങളുടെ ലക്ഷ്യം നേടാനുള്ള ശ്രമ ത്തിൽ നിന്നും അകറ്റാതിരിക്കുക. **അൽ ഇസ്സത്തുലില്ലാഹ്** എന്ന കാര്യം എപ്പോഴും നിങ്ങളുടെ മുമ്പിലുണ്ടാകട്ടെ. ജീവിതം വഖഫ് ചെയ്തിരിക്കുന്നു എന്ന ചിന്ത എപ്പോഴും നിങ്ങളുടെ മുമ്പിൽ ഉണ്ടാകും. അല്ലാഹു തആലയുടെ അഭിമാനവും മഹത്വവും ഒന്ന് മാത്രം നിങ്ങളുടെ മുമ്പിൽ ഉണ്ടാകുന്നതാണ്. അല്ലാതെ തങ്ങ ളുടെ മഹത്വമായിരിക്കില്ല. ഭാരവാഹികളുടെ തെറ്റായ പെരുമാറ്റ ത്തിൽ ക്ഷമ കൈകൊള്ളുമ്പോൾ നിങ്ങൾക്ക് അല്ലാഹുവിന്റെ പ്രീതി കരസ്ഥമാക്കുന്നതിന് അത് കാരണമായിത്തീരുന്നതാ യിരിക്കും. കാരണം ഏതവസ്ഥയിലും **യഅ്മുറൂന ബിൽ മഅ്റൂഫ്** എന്ന കൽപ്പനയനുസരിച്ച് പ്രവർത്തിക്കുന്നവരായി നിങ്ങൾ മാറുന്നതാണ്. അതു കൊണ്ട് മുറബ്ബിമാരുടെ ജോലി എന്നത് സ്വന്തത്തെ ഭിന്നതയിൽ നിന്നും അഗ്നികുണ്ഡത്തി ൽ നിന്നും രക്ഷപ്പെടുത്തുക എന്നതു മാത്രമല്ല, മറിച്ച് ലോക ത്തെയും ഭിന്നതയിൽ നിന്നും രക്ഷപ്പെടുത്തണം. അഗ്നികുണ് ഡത്തിൽ നിന്നും രക്ഷപ്പെടുത്തണം. ഞാൻ പറഞ്ഞതു പോലെ ത്യാഗം ചെയ്യാതെ ഈ ജോലി നിർവ്വഹിക്കാൻ കഴിയില്ല.

മുകളിൽ പരാമർശിച്ച ആയത്തിന്റെ കീഴിൽ രണ്ടാമതായി വരുന്ന സംഘം ജമാഅത്തിന്റെ ഭരവാഹികളാണ്. അവർ തങ്ങ ളെ ജമാഅത്തിന്റെ സേവനത്തിനായി സമർപ്പിച്ചവരാണ്. ജമാ അത്ത് ഭാരവാഹികളിൽ ഒരു അമാനത്ത് ഏൽപ്പിക്കപ്പെട്ടിരി ക്കുന്നു. അമാനത്തിന്റെ കടമ പൂർണ്ണമായ രീതിയിൽ നിറവേറ്റാ ത്തവർ അല്ലാഹുവിന്റെ പിടിയിൽ വരുന്നതാണ്. വിശുദ്ധഖുർ ആനിൽ ഇത് വ്യക്തമായി അല്ലാഹു പറഞ്ഞിട്ടുള്ളതാണ്. തീർ ച്ചയായും നിങ്ങൾ ചോദിക്കപ്പെടുന്നതാണ്. തങ്ങളുടെ വാക്കും പ്രവർത്തിയും യോജിച്ചു പോകുമ്പോഴാണ് അമാനത്തിനോ ടുള്ള കടമനിറവേറ്റുന്നവരയി മാറുന്നത്. ഭാരവാഹിത്വം എന്നത് ഏതെങ്കിലും സ്ഥാനം ലഭിക്കുക എന്നതിന് മാത്രമാകരുത്. സേവനം എന്ന വികാരത്തോടു കൂടി, ആത്മാർത്ഥതയും കൂറും പ്രകടിപ്പിക്കാനും മറ്റുള്ളവരിൽ നിന്ന് ഇത് പ്രകടമാക്കുവാനും വേണ്ടിയായിരിക്കണം ഭാരവാഹിത്വം. സമൂഹത്തിലെ നേതാവ് സമൂഹത്തിന്റെ സേവകനാണെന്ന വാക്യം എപ്പോഴും കൺ മുമ്പിൽ തെളിയട്ടെ. ഭാരവാഹികളുടെ മാതൃക ജമാഅത്തംഗ ങ്ങളെ നന്മയിൽ നിലയുറപ്പിക്കുന്നതാകട്ടെ. നിങ്ങളുടെ വാക്കി ലും പ്രവർത്തിയിലും അന്തരമുണ്ടെങ്കിൽ മറ്റുള്ളവരെ ഏതു നിലക്ക്, എങ്ങനെ നിങ്ങൾക്ക് ഉപദേശിക്കാൻ സാധിക്കും. മറ്റു ള്ളവർ നിങ്ങളുടെ മുഖത്ത് നോക്കി ഇപ്രകാരം പറയും. "ആദ്യം നിങ്ങൾ നന്നാവുക. നിങ്ങളുടെ നാവ് നിയന്ത്രിക്കൂ, നിങ്ങളുടെ സ്വഭാവം ശരിയാക്കൂ നിങ്ങളുടെ മതത്തോടുള്ള സമീപനം ശരിയാക്കൂ, നിങ്ങളുടെ ആത്മീയത ആദ്യം ശരിയാക്കു, സ്വന്തം നമസ്കാരം നേറെയാക്കൂ, ഭൗതികമായ നിങ്ങളുടെ ഇടപാടിൽ നീതി നടപ്പിൽ വരുത്തൂ, നിങ്ങളുടെ വിശ്വസ്ഥതയുടെ നിലവാ രം ഉയർത്തൂ, ജമാഅത്തിന്റെ സന്ദേശം ലോകർക്ക് എത്തിക്കാ നുള്ള ഒരാവേശം സ്വയം നിങ്ങളുടെ അകത്തളങ്ങളിൽ സൃഷ് ടിക്കൂ, ഇതെല്ലാം ഭാരവാഹികൾ ചെയ്യണം. മുറബ്ബിമാർ ദീനി തർബിയത്തിനുള്ള കാലത്തിന്റെ ഖലീഫയുടെ പ്രതിനിധിക ളാണ്. അവരെ നിങ്ങൾ ആദരിക്കുക. മുറബ്ബിമാരെ ആദരിക്കുക എന്നത് ഭാരവാഹികളുടെ സുപ്രധാന കർത്തവ്യങ്ങളിൽ പെട്ട ഒന്നാണ്.

ചുരുക്കത്തിൽ നിങ്ങളുടെ ബാഹ്യവും ആന്തരികവുമായ എല്ലാ പ്രവർത്തനത്തെയും ഇസ്ലാം പറഞ്ഞതുപോലെ ആകാൻ ശ്രമിക്കുക. അപ്പോഴാണ് നന്മ സ്ഥാപിക്കുന്നവരും തിന്മയെ തട യാൻ അവകാശമുള്ളവരും നിങ്ങളാണെന്ന് പറയാൻ സാധിക്കു കയുള്ളൂ. ഇതിന്റെ അടിസ്ഥാനത്തിൽ ജമാഅത്തിലെ എല്ലാ തലത്തിലും എല്ലാ വിഭാഗത്തിൽ പെട്ട ഭാരവാഹികൾക്കും ഒരാ ത്മ പരിശോധന നടത്തേണ്ടിയിരിക്കുന്നു.

പ്രത്യേകിച്ച് ജമാഅത്ത് പ്രസിഡന്റും അമീറും ഇക്കാര്യത്തിൽ പ്രത്യേകം ശ്രദ്ധിക്കുക. അല്ലെങ്കിൽ ഇവർ തന്നെ ജമാഅത്തിന്റെ ഭിന്നതക്ക് കാരണമാവുകയാണ്. മുറബ്ബിമാരെയും മുബല്ലിഗ്മാ രെയും ഏറ്റവും കൂടുതൽ ആദരിക്കേണ്ടത് ജമാഅത്ത് പ്രസി ഡന്റുമാരും അമീർമാരുമാണ്. ഇനി ഇവർ ആദരിക്കുന്നുണ്ടെ ങ്കിൽ മുറബ്ബിമാർ ഇത് തങ്ങളുടെ അവകാശമായി കാണരുത്. അവർ കൂടുതൽ വിനയാന്വിതരാകുകയാണ് വേണ്ടത്. തങ്ങളുടെ നഫ്സിന്റെ ഇസ്ലാഹിലേക്ക് കൂടുതൽ ശ്രദ്ധ ഉണ്ടാകുകയാണ് വേണ്ടത്. എല്ലാ തലത്തിലും ഈ ഒരു സ്ഥാനം നാം കൈവരിച്ചു കഴിഞ്ഞാൽ ജമാത്തിന്റെ തർബിയത്ത് പ്രശ്നങ്ങളും അല്ലാഹു ശരിയാക്കിത്തരും. അതോടൊപ്പം തബ്ലീഗ് ഫീൽഡിൽ അപ്ര തീക്ഷിത വിജയം നാം കൈവരിക്കുകയും ചെയ്യുന്നതാണ്.

ഈ ഐക്യവും കെട്ടുറപ്പും സൗഹൃദവും ഭാരവാഹികളുടെ പരസ്പരമുള്ള പെരുമാറ്റത്തിലും വളരെ ഉന്നത നിലവാരം പുലർത്തുന്നതായിരിക്കണം. ഇതും വളരെ അത്യാവശ്യമാണ്. പ്രവർത്തനങ്ങളിൽ ബർക്കത്ത് ലഭിക്കാൻ ഇതും വളരെ വളരെ ആവശ്യമാണ്. ഭിന്നത നിലനിൽക്കുകയും പരസ്പരം അകന്നി രിക്കുകയും ചെയ്യുകയാണെങ്കിൽ ക്ഷമയും മനക്കരുത്തും കുറ

ഞ്ഞുവരികയും ചെയ്യുകയാണെങ്കിൽ അതിന്റെ ഫലം വളരെ പ്രതികൂലമായിരിക്കും ഉണ്ടാകുക.

ഹ: ഖലീഫത്തുൽ മസീഹ് അവ്വൽ(റ) ഒരു ആയത്തിന്റെ വിശദീകരണത്തിൽ ഒരു സംഭവം വിവരിക്കുകയുണ്ടായി, "ഒരു നേതാവുണ്ടായിരുന്നു. അദ്ദേഹത്തിന്റെ അടുത്ത് വന്ന് ഒരാൾ പരാതിപ്പെട്ടു. നിങ്ങളുടെ ബന്ധു, ഇന്ന ധനികന്റെ മകൻ എന്നെ കുറേ ചീത്ത പറയുകയുണ്ടായി. ആ നേതാവ് ചീത്ത പറഞ്ഞ വ്യക്തിയെ വിളിപ്പിച്ചു. എന്നിട്ട് അയാളെ കുറേ ചീത്ത പറഞ്ഞു. അയാൾ ഇതെല്ലാം കേട്ടുകൊണ്ടിരുന്നു അതിനുശേഷം ആ നേതാവ് ചോദിച്ചു. നിങ്ങൾ എന്തിനാണ് ഈ വ്യക്തിയെ ചീത്ത പറഞ്ഞിരുന്നത്. ആ ബന്ധു പറയുകയുണ്ടായി; ഈ വ്യക്തി ആദ്യം എന്നെ ചീത്ത പറഞ്ഞിരുന്നു. എനിക്ക് ക്ഷമിക്കാൻ കഴിഞ്ഞില്ല. അതു കൊണ്ടായിരുന്നു ഞാൻ ചീത്ത പറഞ്ഞത്. അപ്പോൾ ആ നേതാവ് അയാളോട് പറഞ്ഞു."ഞാൻ നിന്നെ കുറേ ചീത്ത പറഞ്ഞില്ലെ? എന്നിട്ടും നീ ഒരക്ഷരം മിണ്ടിയില്ല. ഇതിന്റെ അർത്ഥം നിനക്ക് ക്ഷമിക്കാൻ കഴിയില്ല എന്നല്ല. ക്ഷമ ഉള്ളതു കൊണ്ടാണല്ലോ എന്റെ വാക്കുകളെല്ലാം കേട്ടുകൊണ്ടിരുന്നത്. നീ ഈ വ്യക്തിയെ ചീത്തപറയാനും ആവശ്യത്തിൽ കൂടുതൽ കോപിക്കാനും എല്ലാം ഉള്ള കാരണം നീ ഇദ്ദേഹത്തെ നിന്നെക്കാളും താഴെയുള്ളവനായി കരുതിയതു കൊണ്ടാണ്. നിങ്ങൾക്ക് ക്ഷമ കൈകൊള്ളാൻ കഴിയുമായിരുന്നു. ക്ഷമ കൈകൊള്ളാൻ കഴിയുമോ എന്ന പരിശോധനയാണ് ഞാൻ നടത്തിയത്. അത് നിങ്ങൾ എന്റെ മുമ്പിൽ കാണിക്കുകയും ചെയ്തു. ക്ഷമ കാണിക്കേണ്ട സ്ഥാനമാണിത്. നമ്മേക്കാളും മുകളിലുള്ളവരോട് നാം ക്ഷമ കാണിക്കുന്നതു പോലെ, നമുക്ക് താഴെയുള്ളവരോടും നമ്മോട് തുല്യരായവരോടും ക്ഷമ കാണിക്കേണ്ടതാണ്. അപ്പോൾ മാത്രമാണ് നമുക്ക് നാനാതരം ഫിത് നയും കുഴപ്പവും ഇല്ലാതാക്കാൻ സാധിക്കുകയുള്ളൂ. നാം ലോകരെ ഉപദേശിക്കുന്നു. ഇസ്‌ലാമിന്റെ മനോഹര സന്ദേശം നാമവർക്ക് നൽകുന്നു. എന്നാൽ ക്ഷമ കാണിക്കേണ്ട സന്ദർഭം വരുമ്പോൾ നമ്മിൽ അധികം പേരും ക്ഷമ കൈവെടിയുന്നു. ക്ഷമയുടെ ഈ ഉന്നത സ്ഥാനം നാം കരസ്ഥമാക്കുകയാണെങ്കിൽ തബ്ലീഗിനുള്ള കൂടുതൽ വഴികൾ നമുക്കായി തുറക്കപ്പെടുന്നതാണ്.

വഖ്ഫെ സിന്ദഗിയുടെയും ഭാരവാഹികളുടെയും ഉത്തരവാദിത്വമാണ് സർവ്വതും എന്ന് സാധാരണ ജമാഅത്തംഗങ്ങൾ ധരിക്കരുത്. പരസ്പരമുള്ള സ്നേഹവും അടുപ്പവും വർദ്ധിപ്പിക്കേണ്ടതും ഒത്തൊരുമയും സാഹോദര്യവും നിലനിർത്തേണ്ടതും അല്ലാഹുവിന്റെ പാശത്തെ മുറുകെ പിടിക്കുക, അല്ലാഹുവിന്റെയും അവന്റെ റസൂലിന്റെയും കാര്യങ്ങൾ കേൾക്കുക, അതനുസരിച്ച് പ്രവർത്തിക്കുക, ഹ: മസീഹ് മൗഊദ്(അ) അദ്ധ്യാപനങ്ങളനുസരിച്ച് തങ്ങളുടെ തഖ്‌വയുടെ നിലവാരം ഉയർത്തുക, കാലത്തിന്റെ ഖലീഫയുടെ വിളിക്ക് ഉത്തരം നൽകുക എന്നതെല്ലാം ഓരോ അഹ്മദിയുടേയും ഉത്തരവാദിത്വമാണ്. ഇതാണ് ജമാഅത്തിന്റെ ഐക്യവും അഖണ്ഡതയും നിലനിർത്തുക. ഭാരവാഹികളെ ആദരിക്കുകയും ബഹുമാനിക്കുകയും ചെയ്യുകയും ജമാഅത്തിന്റെ കാര്യങ്ങളിൽ അവരെ അനുസരിക്കുക എന്നതും ഓരോ ജമാഅത്തംഗത്തിന്റെയും ചുമതലയാണ്. വീടുകളിലും പുറത്തും പരസ്പരമുള്ള ബന്ധങ്ങളിൽ ഉന്നതധാർമ്മിക ഗുണം പ്രകടിപ്പിക്കുക എന്നത് ഓരോ അഹ്മദിയുടെയും ഒഴിച്ചു കൂടാൻ പറ്റാത്ത കർത്തവ്യമാണ്. അപ്പോൾ മാത്രമാണ് അഗ്നി കുണ്ഡത്തിൽ വീഴുന്നതിൽ നിന്നും രക്ഷപ്പെടുകയുള്ളൂ.

തബ്ലീഗ് മുബല്ലിഗ്മാരുടെ മാത്രം ജോലിയാണെന്ന് അല്ലാഹു പറഞ്ഞിട്ടില്ല. അല്ലെങ്കിൽ ദഅ്‌വത്തെ ഇലല്ലാക്ക് വേണ്ടി സമർപ്പിച്ചവരുടെ മാത്രം ജോലിയല്ല. അല്ലാഹു ഒരു വിഭാഗത്തെ കുറിച്ച് പറഞ്ഞിട്ടുണ്ടെന്നത് ശരി തന്നെയാണ്. എന്നാൽ ദഅ്‌വത്തെ ഇലല്ലയെ കുറിച്ച് പൊതു കല്പനയുമുണ്ട്. തിരുനബി(സ) യുടെ ഓരോ കല്പനയും മാതൃകയും പിൻപറ്റാൻ അല്ലാഹു നമ്മോട് കൽപ്പിച്ചിരിക്കെ തബ്ലീഗ് പ്രവർത്തനമാതൃകയും നമുക്ക് പിൻപറ്റേണ്ടിയിരിക്കുന്നു.

സൂറത്തുന്നഹ്‌ലിലെ ആയത്തായിരുന്നു ഞാൻ മൂന്നാമത് കേൾപ്പിച്ചത്. അതിൽ തബ്ലീഗ് അല്ലാഹു ഓരോരുത്തരുടെയും ഉത്തരവാദിത്വമായി പറഞ്ഞിരിക്കുന്നു. എല്ലാ മുറബ്ബിമാരുടെയും ഭാരവാഹികളുടെയും ജമാഅത്തിലെ ഓരോ പുരുഷന്റെയും സ്ത്രീയുടെയും ഉത്തരവാദിത്വമാണ് അല്ലാഹുവിന്റെ മാർഗ്ഗത്തിലേക്ക് ജനങ്ങളെ ക്ഷണിക്കുക എന്നത്. വിളിക്കേണ്ട രീതിയെ കുറിച്ചും പറഞ്ഞുതരികയുണ്ടായി.

പറയുന്നു: ഹിക്മത്തോടു കൂടി അല്ലാഹുവിലേക്ക് ക്ഷണിക്കുക. നിങ്ങൾ ജനങ്ങളുടെ ഇടയിൽ അറിയപ്പെടുന്ന ഒരവസ്ഥ ഇപ്പോൾ വന്നിരിക്കുകയാണ്. ജനങ്ങൾ നിങ്ങളിലേക്ക് തിരിയുന്ന അവസ്ഥ വന്നിരിക്കുന്നു. മസ്ജിദ് നിർമ്മാണത്തോടുകൂടി തബ്ലീഗിന്റെ മാർഗ്ഗങ്ങൾ തുറക്കപ്പെടുന്നു. പത്രങ്ങളും നിങ്ങളെ കുറിച്ച് എഴുതാൻ തുടങ്ങിയിട്ടുണ്ട്. അപ്പോൾ ഇതിൽ നിന്നും പ്രയോജനം എടുത്ത് കൊണ്ട് തബ്ലീഗിന്റെ ഹിക്മത്ത് മനസ്സിലാക്കി ഈ കടമകൾ നിറവേറ്റുക. ഇതാണ് അല്ലാഹു പറയുന്നത്. തബ്ലീഗിനായി ഹിക്മത്ത് എന്ന വാക്കാണ് അല്ലാഹു ഉപയോഗിച്ചത്. ഇതിന് വിവിധ അർത്ഥങ്ങളുണ്ട്. വിവിധ അവസ്ഥകളിൽ വിവിധർക്കായി വിവിധ മാർഗ്ഗങ്ങൾ കാണിച്ചുതരികയുണ്ടായി. ഒന്നാമത്തെ കാര്യം മതപരമായ അറിവ് കരസ്ഥമാക്കുക എന്നതാണ്. വിശുദ്ധ ഖുർആൻ പഠിക്കുന്നതിലൂടെയും അതിന്റെ തഫ്സീറുകൾ വായിക്കുന്നതിലൂടെയും ഇത് ലഭിക്കുന്നതാണ്. നിങ്ങളുടെ തെളിവുകളെ ശക്തിപ്പെടുത്തുക. ഇതു കൂടാതെയുള്ള അറിവുകൾ തിരുനബി (സ) വിശദീകരിച്ച് പറഞ്ഞത് ഹദീസുകളിൽ നിന്നും നമുക്ക് ലഭിക്കുന്നതാണ്. അതു മുഖേന തങ്ങളുടെ തെളിവുകളെ ശക്തിപ്പെടുത്തുക. ഇസ്‌ലാമിനോടൊപ്പം തിരുനബിയുടെ വ്യക്തിത്വത്തെ കുറിച്ച് ആക്ഷേപിക്കപ്പെടുന്നതിനെ കുറിച്ചും ശക്തമായ തെളിവുകൾ ശേഖരിക്കുക. ഹിക്മത്ത് എന്നതിന്റെ അർത്ഥം നീതി എന്നുമുണ്ട്. ചർച്ചകളിൽ ആക്ഷേപിക്കപ്പെടാവുന്ന കാര്യങ്ങൾ ഒരിക്കലും കൊണ്ടു വരരുത്. എല്ലായിപ്പോഴും ഒരു മുസ്‌ലിമിൽ നിന്ന് നീതി പ്രകടമാകണം എന്ന അദ്ധ്യാപനത്തിന് വിരുദ്ധമായി തെറ്റായ സ്വാധീനം ചെലുത്തുന്ന രീതിയിൽ സംസാരിക്കരുത്. നീതിക്ക് പകരം അക്രമത്തിന് കാരണമായിത്തീരരുത്. അനഹ്മദികൾ ചർച്ചയിൽ പരാജയപ്പെടുമ്പോൾ ഉടനെ അക്രമിക്കാനും ചീത്ത പറയാനും തുടങ്ങുന്നു. അവിടെ അല്ലാഹുവിന്റെ വചനത്തിന്റെ യുക്തി പ്രകടമാക്കുന്നതിന് പകരം അവരുടെ കാപട്യം പ്രകടമാകുകയാണ് ചെയ്യുന്നത്. നമുക്ക് ഹ: മസീഹ് മൗഊദ് (അ) വൈജ്ഞാനികമായി വളരെയധികം ആയുധങ്ങൾ നൽകിയിട്ടുണ്ട്. അതിനാൽ നമ്മിൽ നിന്ന് തബ്ലീഗ്രംഗത്ത് ഒരിക്കലും അനീതിയും അക്രമവും പ്രകടമാകുന്നതേയല്ല.

ഹിക്മത്തിലൂടെ തബ്ലീഗ് ചെയ്യാൻ വേണ്ടി ഹ: മസീഹ് മൗഊദ് (അ) ന്റെ പുസ്തകങ്ങൾ വായിക്കേണ്ടതും അനിവാര്യമാണ്. ഇത് തബ്ലീഗിൽ മാത്രമല്ല പ്രയോജനം നൽകുക. മറിച്ച് ഓരോ

അഹ്മദിയുടെയും തർബിയത്തിലും ഇത് വലിയ പങ്ക് വഹിക്കുന്നതാണ്.

ഇതേ പോലെ ഹിക്മത്ത് ലാളിത്യത്തിനും മൃദുല സമീപനത്തിനും കൂടി പറയും. ഇതിൽ ക്ഷമയും ഉൾപ്പെടുന്നു. തബ്ലീഗിൽ ക്ഷമയും മൃദുലസമീപനവും വളരെ അനിവാര്യമാണ്. ഇവിടെ പുതുതായി വരുന്നവരിൽ പലരും ചോദിക്കുന്നത് ഞങ്ങളുടെ ബന്ധുക്കളെ ഞങ്ങൾ എങ്ങനെയാണ് തബ്ലീഗ് ചെയ്യേണ്ടതെന്നാണ്. ചില അടുത്ത ബന്ധുക്കൾക്കായി അവരുടെ ഹൃദയത്തിൽ വേതനയുണ്ടാകും. അവർ അസ്വസ്ഥരായിരിക്കും. അഹ്മദികൾ തങ്ങളുടെ ബന്ധുക്കൾക്ക് അഹ്മദിയ്യത്തിനെ കുറിച്ച് പരിചയപ്പെടുത്തുമ്പോൾ ഇവരുടെ കാര്യങ്ങൾ കേൾക്കുന്നതിനു പകരം അവർ ദേഷ്യം പിടിക്കുന്നു. അവരോട് കയർത്തു സംസാരിക്കുന്നു. ആ സമയത്ത് ഓരോ അഹ്മദിയും മൃദുലതയും ക്ഷമയും പ്രകടമാക്കുക. ഇത് ഹിക്മത്താണ്. ഇത് വളരെ ആവശ്യമാണ്. പലരുടെയും ഹൃദയം മൃദുല സമീപനം കണ്ട് ഉരുകാറുണ്ട്. പലരും തങ്ങളുടെ സംഭവങ്ങൾ എഴുതാറുണ്ട്. ഞങ്ങളുടെ ക്ഷമയും ആത്മധൈര്യവും എല്ലാം നഷ്ടപ്പെടുമോ എന്ന അവസ്ഥ വരെ എത്തിയിരുന്നു. എന്നാൽ ഞങ്ങൾ ക്ഷമ കൈകൊണ്ടു. ആ ക്ഷമയുടെ ഫലം കാരണം ഞങ്ങളുടെ ഇന്ന ബന്ധു ഇപ്പോൾ ബൈഅത്ത് ചെയ്ത് അഹ്മദിയ്യത്തിൽ പ്രവേശിച്ചിരിക്കുന്നു.

ഹിക്മത്ത് എന്നതിന് നിഘണ്ടുവിലുള്ള മറ്റൊരർത്ഥം അജ്ഞതയിൽ നിന്ന് തടയുന്ന വസ്തു എന്നാണ്. തബ്ലീഗ് ചെയ്യുന്ന വ്യക്തി മറ്റുള്ളവരെ അജ്ഞത പ്രകടിപ്പിക്കുന്നതിൽ നിന്നും തടയുന്നതായിരിക്കണം. ആ വ്യക്തിയുടെ പ്രകൃതത്തിനസുരച്ചായിരിക്കണം സംസാരം. ആ വ്യക്തിയെ കൂടുതൽ അജ്ഞതയിലേക്ക് കൊണ്ടു പോകുന്ന കാര്യങ്ങൾ ആയിരിക്കരുത്. മൗലവിമാരുടെ വിഭാഗം, അതല്ലെങ്കിൽ ഹൃദയം കട്ടിയായവർക്ക് അല്ലാഹുവിന്റെ തഖ്ദിർ അജ്ഞതയുടെ മരണമാണ് വിധിച്ചിട്ടുള്ളത്. ഓരോരുത്തരുടെയും പ്രകൃതം മനസ്സിലാക്കി അവർക്ക് വേണ്ട കാര്യങ്ങൾ പറഞ്ഞ് കൊടുക്കുകയാണെങ്കിൽ അവരുടെ ഹൃദയം നമുക്കായിത്തീരുന്നതാണ്. അംഗീകരിക്കില്ലെങ്കിൽ തന്നെ അവർ നിശബ്ദരാകും. അല്ലാഹുവിനെ അംഗീകരിക്കാത്തവരുടെയും മതവിരോധികളുടെയും ഹൃദയവും നമുക്കായിത്തീരുന്നു. അവർ തെറ്റും അജ്ഞത നിറഞ്ഞതുമായ ആക്ഷേപങ്ങൾ ഉന്നയിക്കുന്നതിൽ നിന്നും വിട്ടു നിൽക്കുന്നു. റിസപ്ഷന്റെ ഉദാഹരണം നൽകാം. ഇവിടെ വന്നവരിൽ മത വിശ്വാസമില്ലാത്ത പലരും ഉണ്ടായിരുന്നു. അതിൽ ഡോക്ടർമാരായ ദമ്പതിമാർ വിശുദ്ധ ഖുർആനിൽ നിന്നും ഹദീസിൽ നിന്നുമുള്ള എന്റെ പ്രസംഗം കേട്ടപ്പോൾ അവർ പറഞ്ഞത് മതപരമായ ഈ കാര്യങ്ങൾ കേട്ടുകൊണ്ടേ ഇരിക്കണമെന്നാണ് ഹൃദയം മന്ത്രിക്കുന്നത് എന്നാണ്. അവർ മുലാഖാത്ത് നടത്തുകയും ചെയ്തിട്ടുണ്ട്.

ചുരുക്കത്തിൽ ഇസ്‌ലാമിന്റെ അധ്യാപനങ്ങൾ അവസരോചിതം നാം ലോകത്തിന്റെ സമക്ഷം സമർപ്പിക്കുകയാണെങ്കിൽ അത് ഹൃദയത്തെ വശീകരിക്കുന്നതാണ്.

ഞാൻ വീണ്ടും പറയുന്നു: ഇവിടെ നമ്മുടെ ഫീൽഡ് തുറക്കപ്പെട്ടുകൊണ്ടിരിക്കുകയാണ്. നമ്മേ കുറിച്ചുള്ള അറിവ് വ്യാപിച്ചു കൊണ്ടു പോവുകയാണ്. ഇതിനെ നമുക്ക് പരിരക്ഷിക്കേണ്ടിവരും. അതിന് പരിരക്ഷ നൽകുക എന്നത് നിങ്ങൾ ഏവരുടെയും ജോലിയാണ്.

ഹിക്മത്തിന്റെ മറ്റൊരു വശം ഒരിക്കലും തെറ്റായ കാര്യം പറയരുത് എന്നാണ്. കാര്യങ്ങൾ നേരെ ചൊവ്വ ശരിയായ രീതിയിൽ പറയുക. ഇസ്‌ലാമിന്റെ അധ്യാപനം വളരെ മനോഹരമാണ്. അതുകൊണ്ട് അതിന് വളച്ചൊടിച്ച് കാര്യങ്ങൾ പറയേണ്ട ആവശ്യം തന്നെയില്ല. ഹിക്മത്തിന്റെ കാര്യം നിറവേറ്റാനായി കളവു പറയേണ്ടിവന്നാലും പറയാം എന്ന് പറയുന്ന ഉലമാക്കളിൽ പെട്ടവരല്ല നാം. ഇങ്ങനെ ചെയ്യാം എന്നത് അവരുടെ വ്യാഖ്യാന ഗ്രന്ഥങ്ങളിൽ എഴുതിയിട്ടുള്ളതാണ്. കളവ് ഉൾപ്പെടുന്നതിൽ ഹിക്മത്ത് എങ്ങനെയാണുണ്ടാകുക. കളവ് വന്നാൽ നീതിയും സത്യവും അവസാനിക്കുന്നു. നീതിയും സത്യവും ഇല്ലെങ്കിൽ ഫിത്നയും ഫസാദും ജന്മമെടുക്കുന്നതാണ്. ഇതാണ് പാക്കിസ്ഥാനിലും മറ്റും ഇസ്‌ലാമിക നാടുകളിലും നാം കണ്ടു വരുന്നത്. ഫിത്ന വന്നാൽ ഇസ്‌ലാം അവിടെ അവശേഷിക്കുന്നില്ല.

അതുകൊണ്ടാണ് ഇസ്‌ലാമിന്റെ യഥാർത്ഥ അധ്യാപനം ആർക്കെങ്കിലും പ്രചരിപ്പിക്കാൻ സാധിക്കുമെങ്കിൽ, ആർക്കെങ്കിലും പറയാൻ സാധിക്കുമെങ്കിൽ അത് അഹ്മദികൾ മാത്രമാണ് എന്ന് പറയുന്നത്. അവരുടെ ഓരോ വാക്കും നീതിയിലും സത്യത്തിലും അറിവിലും അധിഷ്ഠിതമായിക്കും.

അതിനാൽ ഈ ഒരു കടമയാണ് ഓരോ അഹ്മദിയും നിറവേറ്റേണ്ടത്. അല്ലാഹു പറയുന്നു. ഹിക്മത്ത് ആവശ്യപ്പെടുന്നതെല്ലാം നിറവേറ്റുക. നിങ്ങളുടെ അറിവിനെ വർദ്ധിപ്പിക്കുക. ക്ഷമയുടെ നിലവാരത്തെ ഉയർത്തുക. നീതിയുടെ നിലവാരത്തെയും ഉയർത്തുക. നിത്യവും ജീവിതത്തിൽ ഇവയെല്ലാം പ്രകടമായിരിക്കട്ടെ. മറ്റുള്ളവരെ തിരിച്ചറിയുക. മറ്റുള്ളവരുടെ പ്രകൃതം തിരിച്ചറിയാതെ തബ്ലീഗ് നടത്താനും സാധ്യമല്ല. ഇത് തബ്ലീഗിനുള്ള ഒരു മാർഗ്ഗമാണ്. അപ്പോഴായിരിക്കും നിങ്ങളുടെ ഉപദേശവും തബ്ലീഗും യുക്തിയിലധിഷ്ഠിതം എന്ന് പറയാൻ കഴിയുക. **മൗഇളത്തുൻ ഹസന** ചെയ്യുന്നവരായി മാറുന്നത് അപ്പോഴായിരിക്കണം. **മൗഇളത്തുൻ ഹസന** എന്നതിന്റെ അർത്ഥം ഹൃദയത്തെ നമ്യമാക്കുന്ന വാക്കുകൾ. ഹിക്മത്തിൽ അധിഷ്ഠിതമായ കാര്യങ്ങൾ ഹൃദയത്തെ നമ്യമാക്കുന്നു

ഇവിടെ വിവിധ സമൂഹങ്ങളുണ്ട്. അവർക്ക് വിവിധങ്ങളായ മാർഗ്ഗങ്ങൾ നാം ആലോചിക്കേണ്ടതായിവരും. അവർക്ക് ഏറ്റവും ഉത്തമമായ രീതിയിൽ എങ്ങനെ തബ്ലീഗ് എത്തിക്കാൻ കഴിയും എന്ന് ആലോചിക്കുക. ഇതിലേക്കും അല്ലാഹു വഴികാട്ടിയിട്ടുണ്ട്.

**ജാദിൽഹും ബില്ലത്തീ ഹിയ അഹ്സൻ** ഉത്തമമായ തെളിവുകളുടെയും യുക്തിയുടെയും അടിസ്ഥാനത്തിൽ തബ്ലീഗ് ചെയ്യുക. നിങ്ങളുടെ ഉപദേശം ഹൃദയത്തെ ഹഠാതാകർഷിക്കുന്നതാക്കി മാറ്റുക. അതു കാരണം ഹൃദയം മൃദുലമായിത്തീരണം.

തബ്ലീഗ് ചെയ്യുക എന്നത് ഓരോ അഹ്മദിയുടെയും പ്രവർത്തിയാണ്. എന്നാൽ ഇതിൽ ഫലം ഇടുക എന്നത് അല്ലാഹുവിന്റെ പ്രവർത്തിയും. ഹിദായത്ത് നൽകുക എന്നത് അല്ലാഹുവിന്റെ പ്രവർത്തിയാണ്. എന്നാൽ ഈ പ്രവർത്തനത്തിനായി തങ്ങളുടെ അവസ്ഥ മാറ്റുകയാണ് ആദ്യം വേണ്ടത്. അപ്പോഴാണ് നമ്മുടെ വാക്കുകൾ സ്വാധീനം ചെലുത്തപ്പെടുക. തെളിവുകൾ അപ്പോഴാണ് ഫലപ്രദമാകുക.

ഹ: മസീഹ് മൗഊദ് (അ) ഉപദേശം നൽകേണ്ടതെങ്ങനെയാണെന്ന് വിവരിച്ചു കൊണ്ട് പറയുകയുണ്ടായി: "ഉപദേ

ശിക്കുന്നവരെ നാവു കൊണ്ട് ഉപദേശിക്കുക. ഒരേ കാര്യം തന്നെ ഒരു രീതിയിൽ പറയുമ്പോൾ അത് ഒരാളെ ശത്രുവാക്കി മാറ്റുന്നു. മറ്റു രീതിയിൽ അത് പറഞ്ഞാൽ മിത്രമാക്കിമാറ്റുകയും ചെയ്യുന്നു. അതു കൊണ്ട് **ജാദിൽഹും ബില്ലത്തീ ഹിയ അഹ്സൻ** എന്നതിന്റെ അടിസ്ഥാനത്തിൽ നിങ്ങളുടെ പ്രവർത്തികൾ ശ്രമപ്പെടുത്തുക. ഈ രീതിയിലുള്ള സംസാരത്തിനാണ് അല്ലാഹു ഹിക്മത്ത് എന്ന പറഞ്ഞിരിക്കുന്നത്.

പരസ്പരം ഹിക്മത്തോടുകൂടി സംസാരിക്കേണ്ടതും അനിവാര്യമാണ്. തബ്‌ലീഗിനും തർബിയത്തിനും ആവശ്യമാണ്, അതേ പോലെ ലോകരെ അല്ലാഹുവിലേക്ക് വിളിക്കാനും അനിവാര്യമാണ്. തബ്‌ലീഗിന്റെ വഴികൾ അല്ലാഹു തന്റെ ഫള്ല് കൊണ്ട് തുറന്നുതരികയുണ്ടായി. ഇതിൽ നിന്ന് ഫലമെടുക്കേണ്ടതിന് ഒത്തൊരുമിച്ച് ഇതിനെ ഒരു ദൗത്യമായി ഏറ്റെടുക്കുക. തബ്‌ലീഗ് ഫീൽഡിൽ ഇറങ്ങുക എന്നത് ഇനി ജമാഅത്തംഗങ്ങളുടെ പ്രവർത്തിയാണ്. എത്ര മാത്രം ഇത് നിറവേറ്റപ്പെടും എന്നത് നിങ്ങളിൽ നിഷിപ്തമാണ്. പത്രങ്ങൾ മസ്ജിദുമായി ബന്ധപ്പെട്ടുകൊണ്ട് വാർത്തകൾ പ്രസിദ്ധീകരിച്ചു. ഇസ്‌ലാം കൊടിനാട്ടി എന്ന് അത് എഴുതി. 17-ാം നൂറ്റാണ്ടിൽ ഇവിടെ നിന്ന് മുസ്‌ലിംകളെ തുരത്തിയിരുന്നു. ഇനി നാം അവരെ തിരിച്ചു കൊണ്ടുവരുമെന്ന് ഖലീഫ പറഞ്ഞു എന്നെല്ലാം പത്രമെഴുതി. ഇങ്ങനെയുള്ള വാർത്തകൾ കൊണ്ട് മാത്രം നമ്മുടെ ലക്ഷ്യം കരഗതമാകുകയില്ല. പെദ്രബാദിലെ മസ്ജിദ് ബിശാരത്ത് ഉദ്ഘാടനം ചെയ്ത വേളയിൽ ഖലീഫത്തുൽ മസീഹ് റാബിഅ് (റഹ്) യുടെ കാലത്ത് ഇങ്ങനെയുള്ള വാർത്തകൾ പത്രങ്ങളിൽ വന്നിരുന്നു. എന്നാൽ ഒരാത്മ പരിശോധന നടത്തിനോക്കൂ. കഴിഞ്ഞ മുപ്പത് വർഷത്തിനുള്ളിൽ നമുക്ക് വല്ലതും നേടാ നായോ?

അതിനാൽ പുരോഗതിയിലേക്ക് കുതിക്കുന്ന സമൂഹം പത്രവാർത്ത കണ്ട് സന്തോഷിച്ചിരിക്കാറില്ല. ലക്ഷ്യം കരസ്ഥമാകുന്ന സമൂഹം റിസപ്ഷനിലോ സുഹൃത്തുകളുടെ സദസ്സിലോ അതിഥികളുടെ വൈകാരിക പ്രകടനങ്ങൾ കണ്ട് സന്തോഷിക്കാറില്ല. അവർ ഒരാത്മ പരിശോധന നടത്താറാണുള്ളത്. പുതിയ പുതിയ പദ്ധതികൾ അവർ ആവിഷ്ക്കരിക്കുന്നു. ഒത്തൊരുമിച്ച് പുതിയ ഒരു പ്രതിജ്ഞയോടുകൂടി തങ്ങളുടെ പദ്ധതികളെ കർമ്മരംഗത്തേക്ക് കൊണ്ടുവരുന്നു. തങ്ങളുടെ ലക്ഷ്യം കരസ്ഥമാക്കാതെ അവർ സ്വസ്ഥമായിരിക്കില്ല. ചെറിയ ചെറിയ കാര്യങ്ങൾക്ക് അവർ ഒരു സ്ഥാനവും നൽകില്ല.

അമീർ ജമാഅത്ത് എന്നെ കുറിച്ച് അങ്ങനെയല്ലെ പറഞ്ഞത് എന്ന് പറഞ്ഞ് ഇരിക്കില്ല. അങ്ങനെയുള്ള കാര്യങ്ങൾ എത്തിക്കുന്നവരോട് പുരോഗതിയിലേക്ക് നീങ്ങുന്ന സമൂഹം പറയാറുള്ളത് ഇങ്ങനെയുള്ള നിസ്സാര കാര്യങ്ങൾക്ക് ഞാനൊരു പ്രാധാന്യവും കൽപ്പിക്കുന്നില്ല എന്നാണ്. കാലഘട്ടത്തിന്റെ ഇമാമുമായി ഞാൻ ബൈഅത്തിന്റെ ഉടമ്പടി ചെയ്തിരിക്കുകയാണ്. അതെനിക്ക് പൂർത്തിയാക്കേണ്ടതുണ്ട്. ദീനിനെ ദുൻയാവിനെക്കാൾ മുന്തിക്കുന്നതാണ്. നിങ്ങൾ പറയുന്ന കാര്യങ്ങൾ എന്റെ ചിന്തയെ തെറ്റായ ദിശയിലേക്ക് കൊണ്ടു പോകും. അങ്ങനെ എന്റെ ലക്ഷ്യം മറക്കുന്നവനായി ഞാൻ മാറും. എന്റെ ദേശവാസികളെ തിരുനബി (സ) യുടെ വിശുദ്ധ പതാകക്കു കീഴെ കൊണ്ടുവരുന്നതിൽ ഈ കാര്യങ്ങളും നമുക്കിടയിലുള്ള പിണക്കവും തടസ്സമായി നിൽക്കുന്നതാണ്. അത് ഭിന്നതക്ക് കാരണമാകും. ഇതിൽ പെട്ടാൽ ഞാൻ എന്റെ ദുൻയാവും ആഖിറത്തും നശിപ്പിക്കുന്നവനായി മാറുന്നതാണ്. നിങ്ങൾക്ക് എന്നോട് സഹതാപമുണ്ടെങ്കിൽ, ജമാഅത്തിനോട് സഹതാപമുണ്ടെങ്കിൽ, ഇവ്വിധ കാര്യങ്ങൾ എന്റെ അടുത്ത് പറയരുത്. ആരെ കുറിച്ചെങ്കിലും നിങ്ങൾ കേട്ടാൽ ഇത് അവരോട് പറയരുത്. കാരണം ഇത് പരദൂഷണത്തിന്റെ ഗണത്തിൽ പ്പെടുന്നതാണ്. ഓരോ അഹ്മദിയുടെയും ഓരോ മുബല്ലിഗിന്റെയും ഓരോ ഭാരവാഹിയുടെയും ചിന്ത ഇതായിത്തീർന്നു കഴിഞ്ഞാൽ ഇൻശാ അല്ലാഹ്തഅല വിപ്ലവത്തിനുള്ള മാർഗ്ഗം തുറന്നു കൊണ്ടിരിക്കുന്നതാണ്.

അതിനാൽ എല്ലാ നിലയിലുള്ളവരും ഈ ഒരു പ്രതിജ്ഞ എടുക്കുക. ഖാദിമായാലും അൻസാർ ആയാലും ലജ്നയുടെ മെമ്പറായാലും ഒരു തീരുമാനമെടുക്കുക. ഇസ്‌ലാമിന്റെ ഉയർത്തെഴുന്നേൽപ്പിനായി എല്ലാതരം ത്യാഗത്തിനും ഞാൻ തയ്യാറാണ്. എല്ലാതരം വിരോധവും വേരോടെ പിഴുതെറിയുന്നതാണ്. അല്ലാഹു നമുക്കെല്ലാവർക്കും അതിനുള്ള തൗഫീഖ് നൽകട്ടെ.

കഴിഞ്ഞ ഖുത്വുബയിൽ ഇതിൽ ഉൾക്കൊള്ളുന്നവരുടെ കണക്ക് പറഞ്ഞിരുന്നു. ടെക്നിക്കലായി ഞാൻ പറഞ്ഞത് തന്നെയാണ് ശരി. എന്നാൽ ഇവിടെയുള്ള വിവിധ ഹാളുകൾ വെച്ചു നോക്കുമ്പോൾ 600 ൽ കൂടുതൽ ആളുകൾക്ക് നമസ്കരിക്കാൻ സാധിക്കുന്നതാണ്. അല്ലാഹു ഈ മസ്ജിദിനെ അനുഗ്രഹീതമാക്കുമാറാകട്ടെ.

ദുആക്കുള്ള ഒരപേക്ഷയുണ്ട്. നവാബ് ശാഇലെ നമ്മുടെ ഒരു ആത്മാർഥ അഹ്മദി സുഹൃത്ത് രണ്ട് ദിവസം മുമ്പ് വെടിയേറ്റു. അദ്ദേഹം തന്റെ ഷോപ്പിൽ നിന്നും വരികയായിരുന്നു. വക്കീലും കൂടിയാണ്. എതിരാളികൾ വെടിവെക്കുകയും അദ്ദേഹത്തിന് മാരകമായി പരിക്കു പറ്റുകയും ചെയ്തു. അപകടാവസ്ഥയിലാണുള്ളത്. കറാച്ചി ഹോസ്പിറ്റലിലാണ്. കുറച്ച് ദിവസം കൂടി ഡോക്ടർമാർ നിരീക്ഷണത്തിൽ വെക്കുന്നതാണ്. കുറച്ച് ദിവസം കഴിഞ്ഞാലെ അപകടനില തരണം ചെയ്തോ എന്ന് അറിയാൻ സാധിക്കുകയുള്ളൂ. അല്ലാഹു അദ്ദേഹത്തിന് പൂർണ്ണവും പെട്ടെന്നുമുള്ള സൗഖ്യം നൽകട്ടെ.

## PRINTED BOOKS

To

From

Ahmadiyya Mission House
K.N.Road Karapparamba
Calicut -10


KHUTBA: HADRAT MIRZA MASROOR AHMED (atba)
on 2013 April 5 at : Baithu Rahman,Spain
Translation: M.Nasir Ahmad, Kodiyathur - 09497343704

Typing: Nasarudheen A T
Printed at: Digital Image Calicut.
Published by: **Majlis Khuddamul Ahmadiyya, North Kerala**